J 3/748.

✠

J. M. J.

ദിവ്യഗീതാമൃതം.



ST. JOSEPH'S SEMINARY
ALWAYE, TRAVANCORE
S. I. RAILWAY
ST. JOSEPH'S SEMINARY
LIBRARY
BANGALORE-29

"പരിശുദ്ധതമതിതാമേ,
എന്റെ ഭാഗ്യമേ!!"

Qui cantat
Bis orat


S. Augustine.

DVK Central Distributors
Bangalore-560 029

J 3
748

✠

ദിവ്യഗീതാമൃതം



"രൂഹാദക്കുദ്ശായെ!"

(എത്രനല്ലീശോ – എ. മ.)

രൂഹാദക്കുദ്ശായെ! – എഴുന്നള്ളിവരണമെ!
അങ്ങെ വെളിവിൻകതിർ – അണ്ണുന്നയക്കണമെ!

അഗതികൾക്കുള്ളതാതാ! – ദാനങ്ങൾ നൽകുന്നോനെ!
ഹൃദയത്തിൻ പ്രകാശമെ! – എഴുന്നള്ളിവരണമെ!

എത്രയും നല്ലവനെ! – ആശ്വസിപ്പിക്കുന്നോനെ!
ആത്മാവിനു മാധുര്യം – നൽകീടുന്ന വിരുന്നെ.

മധുരമുള്ള തണുപ്പെ! – അലച്ചിലിലും സുഖമെ!
ഉഷ്ണത്തിൻ തണുപ്പും താൻ – കരച്ചിലിൽ സ്വൈര്യവുമെ

എഴുന്നള്ളിവരണമെ!–ഏറ്റം ആനന്ദമുള്ള
ദിവ്യപ്രകാശമെ നീ – സന്ദർശിച്ചാലും വേഗം.

നല്ലഈശോ എന്റെസ്നേഹം.

(അല്ലിയെൻറും. എ. മ.)

നല്ലയീശോ നല്ലദൈവം – നല്ലസ്നേഹമുള്ള താതൻ
നല്ലകർത്താവായ നാഥൻ – നല്ലഈശോ എന്റെ സ്നേഹം!

ജീവനുള്ള അപ്പമീശോ – സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ
ജീവദൈവപുത്രനീശോ – നല്ലഈശോ . . .

മാനുഷർക്കു രക്ഷനൽകാൻ – മാനുഷാവതാരം ചെയ്തു
മാനുഷനായ് തീർന്നസ്നേഹം – നല്ലഈശോ . . .

അന്ത്യപെസഹായിലീശോ – അപ്പവും വീഞ്ഞുമെടുത്തു
സ്വന്തമാംസരക്തമാക്കി – നല്ലഈശോ . . .

അപ്പത്തിൻെറ ബാഹ്യഗുണം – മാറാതെങ്ങോരത്ഭുത
അപ്പമല്ല സത്യമീശോ – നല്ലഈശോ . . . [മായ്

ദർശനവും സ്പർശനവും – അപ്പത്തിൻെറ സ്വാദും തന്നെ
ദർശിക്കുന്നാം വിശ്വാസത്തിൻ– നല്ലഈശോ . . .

സക്രാരിയിൽ വാണിടുന്നു – അപ്പബാഹ്യഗുണങ്ങളിൽ
"സക്രാരിരാജാവു" ദൈവം– നല്ലഈശോ . . .

എൻെറ കർത്താവും ദൈവവും– എൻെറ ആത്മമണാളനും
എൻെറ സർവ്വഭാഗ്യമായ– നല്ലഈശോ . . .

നമ്മെ വീണ്ടുരക്ഷിപ്പാനായ് – ക്രൂശുമരണം സഹിച്ചു
നമ്മെ രക്തം കൊണ്ടു വാങ്ങി– നല്ലഈശോ . . .

സ്നേഹത്തിൻെറ ക്രൂശായിൽ–നമ്മെ വിളിക്കുന്നയീശോ
സ്നേഹമുള്ള നല്ലിടയൻ– നല്ലഈശോ . . .

ഭൂലോകരക്ഷകനീശോ.

(മേരി എത്രമോടം– എ. മ.)

ഭൂലോകരക്ഷകനീശോ – പീഡാനുഭവങ്ങൾ
ഭൂലോകരക്ഷക്കായങ്ങു – കൈവരിച്ച സ്നേഹം.

കോറസ്സ്" { കർത്താവീശോ ഭൂലോകത്തെ
{ സ്ലീവായാലെ വീണ്ടെടുത്തു.

കഷ്ടാനുഭവത്തിനുമുൻ – പങ്ങൈസ് നേഹമെല്ലാം.
ശിഷ്യരായ് പ്രസ്പഷ്ടമാക്കി–സ്നേഹക്രൂശായിൽ-
കർത്താവീശോ . . .

അന്ത്യ മാതൃകയെ നമ്മൾ – നമ്മിൽ നമ്മിൽ ചെയ്യാൻ
അങ്ങുന്നു കഴുകി സ്വന്ത – ശിഷ്യപാദങ്ങളെ–
കർത്താവീശോ . . .

അപ്പവും വീഞ്ഞുമെടുത്തു – വാഴ്ത്തികൊണ്ടങ്ങീശോ
അപ്പോഴങ്ങെ മാംസരക്ത– മാക്കിപ്പകുത്തിതാൻ –
കർത്താവീശോ . . .

അന്ത്യ പെസഹായിലീശോ – തന്നെതന്നെ ഏകി
അന്ത്യംവരേയുംസ്നേഹിച്ച – രക്ഷകന്റെ സ്നേഹം-
കർത്താവീശോ . . .

അപ്പബാഹ്യ ഗുണങ്ങളിൽ – നിത്യംകുർബാനയിൽ
എപ്പോഴും വേർപിരിയാതെ – സ്നേഹ ഈശോ നമ്മിൽ–
കർത്താവീശോ . . .

"എന്റെ കർത്താവും എന്റെ ദൈവവും."

(ദൈവത്തിന്റെ ഏകപുത്രൻ– എ. മ.)
–God of mercy. & Holy Queen

എന്റെ കർത്താവെന്റെദൈവം!- എന്റെ സ്വപ്ന ഭാഗ്യവും
എന്റെ ന്യായാധിപനീശോ – എന്റെ സ്നേഹരക്ഷകൻ.

ഗാഗുൽത്തായിൽ ദൈവപുത്രൻ– ചെയ്ത ബലി സത്യമായ്
ദിവ്യപൂജ തന്നിലീശോ – അർപ്പിക്കുന്നൽത്താരയിൽ.

കാഴ്ചവച്ചിടുന്ന ഞങ്ങൾ – ദിവ്യ രക്ത തുള്ളികൾ
വീഴ്ചകൂടാതിന്നുമെന്നും – പാപ പരിഹാരമായ്.

രക്തം ചിന്താതെ മ്ശിഹാ – അപ്പവും വീഞ്ഞുമിതാ
മുക്തിയേകും ദിവ്യമാംസ – രക്തമാക്കി തീർത്തിഹ!

അത്ഭുതങ്ങൾക്കത്ഭുതമെ! – നിത്യജീവൻറപ്പമെ!
അപ്പബാഹ്യ ഗുണങ്ങളിൽ– രക്ഷകനീ പൂജയിൽ

ഭക്തിപൂർവ്വം സ്വർഗ്ഗസൈന്യം – വാഴ്ത്തിടുന്ന നാഥനെ
ഭക്തിപൂർവ്വം താണുവിണ – വാഴ്ത്തിടുന്നീ പാപികൾ

നല്ല ഈശോ തന്റെ ജീവ – നേകി നമ്മെ രക്ഷിപ്പാൻ
വല്ലഭൻ കർത്താവു നമ്മെ – വീണ്ടെടുത്തു ക്രൂശിനാൽ.

യേശുവേ വാഴ്ക!

(നാഥേ! മാതാവേ- എ. മ.)

നിത്യപിതാവിന്റെ- വാത്സല്യജാതാ
സത്യദൈവവും നീ- സത്യമർത്യനും

കോറസ്സ് { ഈശോ! ഈശോ! ഈശോയെ വാഴ്ക!
ഈശോ! ഈശോ! ഈശോയെ വാഴ്ക..

സ്വർഗ്ഗത്തിൽ നിന്നിക്ക- ണ്ണീർക്കണവായിൽ
മർത്യരൂപിയായ-ജീവന്റെ അപ്പം! ഈശോ . . .

വാനവർക്കുള്ളപ്പം-മാനുഷർക്കേകി
മാനുഷർക്കു ദിവ്യ-മന്നായെ നൽകി- ഈശോ. . .

സ്വന്തമാംസരക്തം—സന്തോഷത്തോടെ
അന്ത്യപെസഹായിൽ—തന്ന കർത്താവേ! ഈശോ . . .

അപ്പബാഹ്യരൂപം—തന്നിൽ മറഞ്ഞു
എപ്പോഴും ഞങ്ങളെ-തുണ പാർക്കുന്നു- ഈശോ. . .

"ദിവ്യകാരുണ്യത്തിൽ."

(ഗാഡ്ഓഫ് മെഷ്സി. എ. മ.)

ദിവ്യകാരുണ്യത്തിലീശോ — ജീവനുള്ള അപ്പമായ്
ദിവ്യസ്നേഹഭോജ്യമായി — വാഴുന്നീ സക്രാരിയിൽ

കോറസ്സ്.

ക്രൂശുമരണംസഹിച്ചു — അന്ത്യരക്തത്തുള്ളിയും
ഏശുനാഥൻ ചിന്തിനമ്മെ — സ്വന്തമാക്കുവാൻ.

2. ദാഹമുള്ളമാനിനെപ്പോൽ — ദേഹിയേശുനാഥനെ
ദാഹമോടെ തേടിനിത്യ — സ്നേഹപാനംചെയ്യുവാൻ
ക്രൂശുമരണം . . . .

3. മോക്ഷരാജനായയിശോ – പക്ഷമോടൽത്താരയിൽ
വക്ഷസ്സുംതുറന്നനമ്മെ – തൃക്കൺപക്കുന്നെപ്പൊഴും
ക്രൂശുമരണം. . . .

4. നിത്യസമാധാനമായ–സത്യദൈവപുത്രനിൽ
നിത്യസ്നേഹസാഗരത്തെ – കാണുകകർപ്പാനയിൽ.
ക്രൂശുമരണം. . . .

"സൽപ്രസാദനാഥൻ."

(ആനന്ദം – മാഹാനന്ദ എ. മ.)

സൽപ്രസാദ – നാഥനെൻ – കർത്താവീശോ!
ദിവ്യകാരുണ്യരാജാധിരാജൻ
ദിവ്യസ്നേഹഹൃദയംതുറന്നു
ദിവ്യസ്നേഹാഗ്നിയി - ഭൂമിയിൽ – വീഴ്ത്തുവാൻ
പാവനപരിശുദ്ധനിതാ സക്രാരിയിൽ
സൽപ്രസാദനാഥ. . . .

2. സ്ലീവാമരത്തിന്മേൽ തൂങ്ങിടുന്ന
ദൈവകുമാരനുന്നെൻ സ്നേഹം
ദിവ്യസ്നേഹാഗ്നി. . .

3. സ്വന്തഹൃദയങ്ങൾനമ്മിൽനിന്നു
സന്തോഷത്തോടീശോ ചോദിക്കുന്നു.
ദിവ്യസ്നേഹാഗ്നി. . .

4. സ്നേഹാതിരേകത്താലീശോനാഥൻ
സ്നേഹംതുറന്നുസ്ലീവാമരത്തിൽ
ദിവ്യസ്നേഹാഗ്നി. . .

5. ദൈവസ്നേഹാഗ്നിയെകത്തിക്കുവാൻ
ദൈവപുത്രൻദിവ്യകാരുണ്യത്തിൽ
ദിവ്യസ്നേഹാഗ്നി. . .

6. ആശാസദായകനീശോനാഥൻ
വിശ്വാസദൃഷ്ട്യാനാംദർശിക്കണം
ദിവ്യസ്നേഹാഗ്നി. . .

"സ്നേഹത്തിന്റെ ക്രോശയിൽ."

(ഓവിഷ്യൻബ്രൈറ്റ് – എ. മ.)

സ്നേഹത്തിന്റെ ക്രോശയിൽ
നമ്മെ തൂക്കൻ പാക്കുന്നീശോ
സ്നേഹദൈവം താതനെപ്പോൽ
സ്നേഹത്തിന്റെ ക്രോശയിൽ.

സ്നേഹദൈവപുത്രനീശോ
സക്രാരിയിൽ നിന്നു ദിവ്യ
സ്നേഹംതന്നെ ചിന്തുന്നീശോ. സ്നേഹത്തിന്റെ . . .

സ്നേഹദൈവപുത്രൻ നമ്മെ
സ്നേഹിക്കുന്നപോലെ നമ്മൾ
സ്നേഹമായി വർത്തിക്കണം. സ്നേഹത്തിന്റെ . . .

ജീവനും രക്തവുമേകി
നമ്മെ രക്ഷിച്ച ഈശോക്കായ്
ജീവൻപോലും പൂജിക്കുന്നാം. സ്നേഹത്തിന്റെ . . .

ജീവനുള്ള വിശ്വാസത്തിൽ
ഈശോതന്നെ സക്രാരിയിൽ
ജീവനുള്ള അപ്പവുമായ്. സ്നേഹത്തിന്റെ . . .

"ഈശോ സക്രാരിയിൽ."

(അദേസ്തെ. എ. മ.)

ഈശോസക്രാരിയിൽ, നിന്നുനമ്മെ നോക്കി!
കടാക്ഷം! കടാക്ഷം! ഈ ദാസരിൽ!

ഈശോ ദിവ്യാഗ്നിയാൽ– സ്നേഹത്തിൻക്രോശയിൽ
കൃപാവരങ്ങളേകാൻ – സദാഒരുങ്ങിഈശോ!

ട്രീലോ – കരക്ഷകൻ കുർബാനയിൽ.

നിന്റെ [illegible] വരണം.

(മത്താണ്ഡ എം. [illegible])

പ. നിന്റെരാജ്യംവരണം! സ്നേഹയേശോയേ!
നിന്റെ രാജ്യം വരണം.!

അ. പ. സ്നേഹത്താൽജ്വലിക്കുന്ന
ഏശുവിൻഹൃദയമെ! നിന്റെരാജ്യം. . . .

ച. മർത്ത്യരക്ഷചെയ്യുവാൻ – സ്വർഗ്ഗത്തിൽ നിന്നിറങ്ങി
മർത്ത്യരെവീണ്ടെടുത്ത – സ്നേഹത്തിന്റെ രാജാവേ.
നിന്റെ രാജ്യം. . . .

2. അപ്പത്തിന്റെ രൂപത്തിൽ – നിത്യംസക്രാരിതന്നിൽ
എപ്പോഴും വസിക്കുന്ന – സ്നേഹത്തിന്റെ രാജാവേ
നിന്റെ രാജ്യം. . . .

3. അന്ത്യഭോജ്യമേശയിൽ - സ്വന്തമാംസരക്തത്തെ
അന്ത്യസ്നേഹമായ് തന്ന – സ്നേഹത്തിന്റെ ...
നിന്റെ. . . .

4. ജീവന്റെ അപ്പമീശോ - സ്വർഗ്ഗത്തിൽനിന്നിറങ്ങി
ജീവദാതാവുമങ്ങ – സ്നേഹത്തിന്റെ ...
നിന്റെ. . . .

5. എന്നെസൃഷ്ടിച്ചദൈവം - എന്നെരക്ഷിച്ചനാഥൻ
എന്നെകാത്തുപോരുന്ന – സ്നേഹത്തിന്റെ ...
നിന്റെ. . . .

6. എന്റെ സൗഭാഗ്യവും – ആത്മമണാളനും നീ
എന്റെസ്വർഗ്ഗവും നീയേ – സ്നേഹത്തിന്റെ ...
നിന്റെ ...

ദിവ്യകാരുണ്യയിശോ

(ഗെമ്മാമാശില്ലാ– എ. മ.)

ദിവ്യകാരുണ്യയേശോനാഥാ!
സ്നേഹരാജനെ രക്ഷകനെ!
ദിവ്യസ്നേഹത്തെ ചിന്തുന്നോനെ
ഈശോ! ഈശോ! ഈശോ!!

2. നിത്യജീവന്റെ അപ്പമീശോ
സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്നു.
നിത്യജീവപ്രദായകനെ! ഈശോ! ഈശോ!. . . .

3. അന്ത്യഭോജ്യമേശയിലീശോ
അപ്പവും വീഞ്ഞും വാഴ്ത്തിക്കൊണ്ടു
സ്വന്തമാംസരക്തമാക്കിയ. ഈശോ. . . .

4. ഭക്ഷിപ്പാനണ്ണനേകിതന്നെ
മോക്ഷാനന്ദത്തിൻനാന്ദിയായി
ഭക്ഷണപാനീയമായിട്ടു. ഈശോ. . . .

5. സ്നേഹത്തിന്റെക്രൂശതന്നിൽ
സ്നേഹനാഥനാമീശോതന്റെ
സ്നേഹം പ്രസ്പഷ്ടമാക്കീടുന്നു. ഈശോ. . . .

"ദിവ്യകാരുണ്യത്തിൽമേവുന്നു."

(മഞ്ചുനീകർ. എ. മ.)

1 ദിവ്യകാരുണ്യത്തിൽമേവുന്ന
ദൈവകുമാരൻ – ദിവ്യാഗ്നിനമ്മിൽ
വിശ്വാസായ് മേവിവാഴുന്നു.

ദിവ്യഅപ്പമെ! ദിവ്യജീവനെ
ദിവ്യഭോജനം – ദിവ്യനന്ദനൻ.

2. ദൈവപുത്രർക്കുള്ള അപ്പമെ!
ദിവ്യവിരുന്നെ – ദിവ്യപ്രകാശം
നൽകിടുന്ന നൽക്കരുണയെ!
കരുണാകരൻ മ്ശിഹായുടെ
തിരുമാംസരക്ത രഹസ്യമെ!

3. നിത്യഭാഗ്യം നൽകിടുന്നപ്പം!
മർത്യക്ക് നൽകി – ഭക്ത്യാഭുജിച്ചാൽ
നിത്യദൈവസുതനീശോയെ
നരരക്ഷകാ പരിശുദ്ധനെ!
തിരുരക്തത്തെ നരർക്കേകിയ

4. എന്നെറസ്വപ്നഭാഗ്യവുമീശോ
സ്നേഹാഗ്നിയെന്നിൽ – കത്തിക്കുവാനായ്
ഉന്നതത്തിൽനിന്നവനോനെ!
മമ മാശ്മെ! - മമ ജീവനെ
മമ സത്യമെ മമസ്വപ്നമെ!

"നിന്നെറ രാജ്യംവരണം നരരക്ഷകാ"

(അനിമംഗല കാരുണ്യനെ. എ. മ.)

നിന്നെറ രാജ്യംവരണം! നര– രക്ഷകനായയീശോ
തിരു-ജീവനെനൽകിനിമർത്യരെവാങ്ങിയെന്നോക്കുണെ-
എന്നെറയീശോ.
പാപികളെതിരഞ്ഞു-നിജനിത്യഗേഹംവെടിഞ്ഞു
മഹാ – ദിവ്യസ്നേഹാഗ്നിയീ ഭൂമിയിൽവിഴുവാൻവന്നി
തൊ എന്നെറയീശോ.
നിത്യജീവനെറരുപംമഹാസ്നേഹക്രൂശതന്നിൽ
മനു – മക്കളെതീറുവാനെപ്പോഴംബ്യായ്സക്രാരി
തന്നിലീശോ.
ലോകപാപംഹനിച്ചു – നരവർഗ്ഗരക്ഷവരുത്തി
തിരു – ശങ്കിനെയുംതുറന്നെപ്പൊഴംഞങ്ങളെചേക്കുന-
ദിവ്യയീശോ.

കാൽവരിയാംഗിരിയിൽ – തിരുസ്ലീവാമരത്തിലീശോ
ഇരു – ന്വാണികളാൽതിരുമേനികഠോരമായ്തുളച്ചിയോ-
രെന്റെറയീശോ.

പാപമെല്ലാംവെറുത്തു - മഹാതാപസജീവിതം ഞാൻ
ഇനി – മേലിൽനയിക്കുവാൻവേണ്ടവരങ്ങളെനൽകണെ
എന്റെറയീശോ.

"ഈശോ ക്രൂശിൽ."

(ലൂയിസിയോൺ. എ. മ.)

ഈശോക്രൂശിൽനിന്നുനമ്മെ!
ക്ലേശസാഗരത്തിൽ – സ്നേഹതിരുഹൃദയം
ആശയോടെചേർക്കുവാൻ.

മാണിക്യമാംദിവ്യരക്തം!
അന്ധകാരമുള്ളിലോലം - ചിന്തിതിരുഹൃദയം!
ക്ഷോണിയെരക്ഷിക്കുവാൻ.

അന്ത്യപൈസഹായിലീശോ!
കർത്താവങ്ങെതന്നെ . ഏകിപരമവിധം
അന്ത്യശാസനംമുദാ!

കർത്താവീശോസക്രാരിയിൽ
ദിവ്യസ്നേഹാഗ്നിയെ ചിന്തിയനുദിനവും.
ജീവനുള്ളഅപ്പമായ്

സക്രാരിയിൽനമ്മെനോക്കി
വാസംചെയ്യുന്നങ്ങെ – സ്നേഹതിരുഹൃദയം!
ആത്മരക്ഷദാഹമായ്.

ഈശോയെ!

(കന്തൊകാരുണ്യ. എ. മ.)

ഈശോയെസ് നേഹമെ - അങ്ങെവാഴ്ത്തുന്നതൊൻ
സത്യവിശ്വാസത്തിൽ - ദിവ്യകാരുണ്യത്തിൽ

ലോകരക്ഷകനേശുവെ – മമദൈവമെ! മമസ്വന്തമെ!
നാകലോകമഹേശനെ – മനുവായദൈവകുമാരനെ!
ഈശോയെസ് നേഹമെ

2. ക്രൂശുകൊണ്ടടിയാക്കുരക്ഷവരുത്തിയനരദേവനെ!
ഏശുവെതിരുജീവനേകിയ - നാഥനെകനിയേണമെ!
ഈശോയെ

3. പാപികൾക്കനുതാപമേകിയലോകരക്ഷകനുംഭവാൻ
പാപികൾനിജസ്നേഹപല്ലവിചേർത്തുപാടിട്ടമെന്നുമെ!
ഈശോയെ

"ക്രൂശിലെൻറസ്നേഹമിതാ."

(ദേവേശാ. എ. മ.)

ക്രൂശിലെൻറസ് നേഹമിതാ
ആണികളിൽതൂങ്ങിടുന്നു
ക്രൂശുകൊണ്ടുരക്ഷിച്ചെന്നെ
പാപികളെവിളിക്കുവാൻവന്നയീശോ!

മേനിയെല്ലാം കീറിയയ്യോ!
ഏകവ്രണമാക്കിയെന്നെ
മാനുഷക്കുലനന്ദനപുത്രം - പാപികളെ. . .

ആണിയേറുപാവനമാം-
പാണികളുംപാദങ്ങളും
കാണികളെസ് നേഹരാജൻ – പാപികളെ. ...

ഘോരമായമുൾക്കിരീടം
ചൂടിയീശോ തുങ്ങുന്നിതാ
ചോരയെല്ലാംചിന്തിക്രൂശിൽ – പാപികളെ. ...

ലോകപാപംഹനിച്ചിടുന്ന
ദൈവത്തിൻറെകുഞ്ഞാടിതാ
നാകത്തിൽനിന്നങ്ങിറങ്ങി പാപികളെ. ...

ഈശോയെനിന്നെ ഞങ്ങൾ വാഴ്ത്തുന്നു.

(ദിസ്സൊലെ. എ. മ.)

ഭൂലോകപാപംപോക്കി – രക്ഷിച്ച
ഈശോയെനിന്നെഞങ്ങൾ – വാഴ്ത്തുന്നു.

1. സ്നേഹത്തിൻറെക്രൂശാൽ – സ്ഥാപിച്ച – ഈശോ....
2. ദേഹദേഹിയെമർത്യർക്കേകിയ. ”
3. ദിവ്യാഗ്നിഭൂലോകത്തിൽകത്തിച്ച. ”
4. ഗദ്സേമ്മിൽതോട്ടത്തിൽപ്രാർത്ഥിച്ച ”
5. മേനിയിൽരക്തകണംവിയർത്ത ”

സർവ്വേശ്വരൻ വാഴ്ത്തപ്പെട്ടവനാകട്ടെ!

(ഭൂലോകപാപം എ. മ.)

ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ!
അങ്ങെതിരുനാമം വാഴ്ത്തപ്പെടട്ടെ!
ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ!

സത്യദൈവവും സത്യമർത്യനും
ഏക ആളായ യീശോമ്ശിഹാ
ഈശോ വാഴ്ത്തപ്പെട്ടവനാകട്ടെ!

ഈശോയുടെ തിരുനാമം വാഴ്ത്തി!
അവങ്ങ പരിശുദ്ധ ഹൃദയവും
എന്നുയും വാഴ്ത്തപ്പെട്ടതാകട്ടെ!

പിതാത്തിന്മേൽ ശ്രദ്ധകൃപാനയിൽ
എഴുന്നള്ളിയരിക്കുന്നയീശോ!
ഈശോ വാഴ്ത്തപ്പെട്ടവനാകട്ടെ!

ദൈവത്തിന്റെ മഹാ മാതാവായ
എത്രയും പരിശുദ്ധ മറിയം
അമ്മ വാഴ്ത്തപ്പെട്ടവളാകട്ടെ!

തന്റെ വിശുദ്ധ അമലോത്ഭവം!
വാഴ്ത്തപ്പെട്ടതാകട്ടെ കന്യകയും
മാതാവുമായ മേരിയിൻ നാമം!

തന്റെ ഏറ്റവും വിരക്ത ഭർത്താവാം
പരിശുദ്ധ യൗസേപ്പുതാതനും
താതൻ വാഴ്ത്തപ്പെട്ടവനാകട്ടെ!

സർവ്വേശ്വരൻ മാലാകാമാരിലും
വിശുദ്ധന്മാരിലും വാഴ്ത്തപ്പെട്ടോൻ
വാഴ്ത്തപ്പെട്ടവനാകട്ടെ ആമ്മേൻ.

സമാധാനഗാനം.

(എത്രനല്ലീശോ എ. മ.)

നല്ല ഈശോ രാജാവെ- ഭീകരമായ യുദ്ധം!
വല്ലാത്ത നാശഹേതു- ഞങ്ങൾ ഭയപ്പെടുന്നു.

അങ്ങെ അനന്ത സ്നേഹം- ചിന്തുന്ന ഹൃത്തടത്തിൽ
ഞങ്ങളന്യ ശരണ- മെന്നോണം പ്രാർത്ഥിക്കുന്നു.

ദൈവമെ ദയാനിധെ!- ഈമഹാശിക്ഷ നിങ്ങാൻ
ദൈവമെ കണ്ണിരോടെ— ഞങ്ങൾ പ്രാർത്ഥിക്കുന്നങ്ങെ.

ലോകരക്ഷകനീശോ- ഞങ്ങളാഗ്രഹിക്കുന്ന
ലോകസമാധാനം നീ- വേഗം സ്ഥാപിക്കണമെ!

ശത്രുതയെല്ലാം നിങ്ങി- സ്നേഹം മാത്രം വാഴുവാൻ
ഹൃത്തടത്തിൽ നിന്നങ്ങു- ലോകത്തിൽ സ്നേഹം ചിന്തി

മർത്ത്യ ഭുരിതത്തിൽനിൻ- പാവനമാം ഹൃദയം
ആർദ്രമായ് തുടിച്ചല്ലൊ- ഈലോക ജീവിതത്തിൽ

ലോകം അസാമാന്യമായ്— ദുഃഖാബ്ധിയിൽ മുങ്ങുന്നു
ലോകരക്ഷകനീശോ— തൃക്കൈ നീട്ടി രക്ഷിക്ക!

വിദ്വേഷം ക്രൂരക്കൊല -ജീവരക്തം ചൊരിച്ചിൽ
മേദിനി ആസകലം- കേണു പ്രലപിക്കുന്നു.

യുദ്ധത്തിലോർപ്പെട്ടന്ന— മക്കളെ ഓർത്തധികം
ദുഃഖിക്കുന്നമ്മമാരിൽ -കാരുണ്യമുണ്ടാകണെ!

താതന്മാർ നഷ്ടപ്പെട്ട —നാഥന്മാരില്ലാതായ
വീടുകളിന്മേലും നീ- കാരുണ്യം തൂകണമെ!

ആപത്തും വിനാശവും
ബാധിച്ച ഭൂഖണ്ഡമാം— ഭീകരമായിതീർന്ന

യൂറോപ്പിന്മേലുമങ്ങെ- ഭൂലോകത്തിന്മേലും നീ
കാരുണ്യമുണ്ടാകണെ!

ഭരണകർത്താക്കളേയും— ഭരണീയരേയുമങ്ങെ
സാരോപദേശങ്ങളാൽ- പ്രശാന്തരാക്കണമെ

ഭിന്നതയെല്ലാം നീങ്ങി— രാജ്യങ്ങൾ തമ്മിലുള്ള
നിത്യ പിളർപ്പകറ്റി— സംയോജിപ്പിക്കണമെ!

മാനുഷർ സഹോദര്യം— കാർപ്പാൻ രക്തം ചൊരിഞ്ഞ
മനുഷരെ വീണ്ടും നിൻ- സ്നേഹത്തിൽ യോജിപ്പിക്ക!

ഞങ്ങളെ രക്ഷിക്കണെ- നാശത്തിലായി ഞങ്ങൾ
എന്നുള്ള പത്രോസിൻറെ- പ്രാർത്ഥന ശ്രവിച്ചു നീ

കോപിച്ച കടലിനെ —ശാന്തമാക്കിയനാഥാ!
പാപികളോടുമിങ്ങു— കാരുണ്യവാനാകണെ!

പൂർണ്ണ ശരണത്തോടെ- ഞങ്ങൾ പ്രാർത്ഥിക്കുന്നിപ്പോൾ
പൂർണ്ണ സമാധാനമീ— ലോകത്തിനേകുവാനായ്.

ആപത്തിൽനിന്നു മുൻപു- രക്ഷചെയ്തിട്ടുള്ളപോൽ
ആപത്തിൽനിന്നു ലോകം- രക്ഷിക്ക കന്നിയമ്മെ!

അഖിലേശ്വരനെ കൊണ്ടാവെ!

(ഡാലാ പ്രിൻസസ്സ് എ. മ.)

അഖിലേശ്വരനെ കൊണ്ടാവെ!
അഖിലത്തിൽ നാഥമ്മ് ശിഹായെ!
ഹൃദയത്തെ പൂണ്ണ്മായങ്ങെ
തൃപ്പാദെ അപ്പിച്ചിട്ടന്ന.

കോറസ്സ്.

ഹൃദയം സ്നേഹത്തിയാലേററം
കത്തുന്ന ദിവ്യകത്താവെ!
സദയം കൈക്കൊണ്ടിടണമങ്ങു
ഞങ്ങളെ പൂണ്ണ്മായി.

2. അമലോത്ഭവയാം മറിയത്തിൻ
ഹൃദയത്തിൽ സംയോജിച്ചങ്ങെ
ഹൃദയത്തിനിന്ന പ്രതിപ്പ
ഹൃദയംഗം ചെയ്യിട്ടന്ന. ഹൃദയം . . .

3 സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ
നിത്യമാം ജീവന്റെ അപ്പം
സ്വർഗ്ഗസ്ഥക്കളെല്ലാരു ഭാഗ്യം
കത്താവെ അങ്ങുന്ന തന്നെ. ഹൃദയം . . .

4 എളിമയും, ശാന്തതയും നിൻ
ഹൃദയത്തിൽ നിന്ന പഠിപ്പാൻ
എളിമയും ശാന്തിയുമുള്ള
കത്താവു കല്പിച്ചരുളി. ഹൃദയം . . .

5 ലോകപാപങ്ങൾ ഹനിച്ചു
ദൈവത്തിൻ കുഞ്ഞാടാമീശോ
ഹൃദയത്തിൻ നാഥനായ് വാഴാൻ
ഹൃദയത്തെ യാചിക്കുന്ന. ഹൃദയം . . .

6 അന്ത്യത്തെ തുള്ളിവരെയും
ദിവ്യരക്തം ചിന്തിയീശോ
സ്വന്തമായ് മർത്യകുലത്തെ
അന്ത്യമായ് രക്ഷകൻ വാങ്ങി. ഹൃദയം . . .

ജീവന്റെ അപ്പമീശോ.

(ലോകൈകനാഥമാതെ. എ. മ.)

ജീവന്റെ അപ്പമീശോ!
നാഥൻസ്വർഗ്ഗത്തിൽനിന്നവനു
തിരുഹൃദയസ്നേഹംതുറന്നുലോകെ
അനുദിനവും ദിവ്യകാരുണ്യയീശോ – ഇഹത്തിൽ
അത്ഭുതമിങ്ങത്ഭുതമായ്
നിത്യംപ്രവർത്തിച്ചു
കർത്താവുസക്രാരിയിൽ – നിരന്തം.

2. സ്നേഹത്താലപ്പമായി
ക്രിസ്തുസ്നേഹത്തിൻക്രൂശയിൽ
അനുദിനവും ദേവപ്രസാദവർഷം.
നരനിരയിൽധാരാളം നൽകീടുന്നു - നിരന്തം.
കരുണയുടെ ഉടയവനെ
തൃണഞങ്ങൾക്കുള്ളൊന്നേ
വേറാരും ഇല്ലഇഹെപരനെ!

3. ആശ്വാസഹീനരേയും
ഏറ്റം ഭാരം വഹിപ്പോരേയും
ദിവ്യഹരുചേർപ്പാൻ ശ്രമിക്കുന്നുള്ളൊ
തിരുഹൃദയൈകാളുന്ന സ്നേഹാഗ്നിയാൽ – നിരന്തം
മമഹൃദയം നിജഹൃദയെ
ഒരുഹൃദയമാകുവാൻ
നൽകുകനൽവരങ്ങൾ എനിക്കു.

യേശുവിന്റെ ഹൃദയമെ!

(മാനുഷരെരക്ഷിപ്പാ. എ. മ.)

യേശുവിന്റെ ഹൃദയമെ! എന്റെ സ്നേഹമെ!
നാശമേശാതെന്നെയെന്നും കാത്തുകൊള്ളണെ!
എന്റെദൈവമെ! –എന്റെസ്വന്തമെ!

2. ക്രൂശിലെന്നെ വീണ്ടുരക്ഷചെയ്യു നാഥനെ!
ക്രൂശിലങ്ങെ സ്നേഹമാഹം – സ്പഷ്ടമാക്കിയ.
സ്നേഹദൈവമെ – ഏശുനാഥനെ!

3. സ്നേഹദിവ്യഹൃദയംതുറന്നതന്നു നീ
സ്നേഹദൈവമക്കൾ ഞങ്ങളാകുവാനിഹെ
സപ്രഭാഗ്യവും നിത്യജീവനും.

നന്മരണസല്ലാപ കീർത്തനങ്ങൾ.

ഈശോയുടെ തിരുഹൃദയത്തെ നോക്കി.

കർത്താവീശോമ്ശി - ഹായെഭയാപരാ
കാരുണ്യപൂർണ്ണനായ – പിതാവെ!
സ്വർഭയാപര – നായ സർവ്വേശ്വരാ
സ്വർമരിഞ്ഞിരി – ക്കുന്നതാതാ

പൂർണ്ണമനസ്സാപ – പ്പെട്ടുകലങ്ങിഞ്ഞെൻ
കണ്ണുങ്ങൾ എന്നിൽ നീ – ചായിക്കെണെ!
അങ്ങെതുപ്പാദത്തിൽ – സാദ്ധ്യമായ് പ്രാർഥിച്ചു
അങ്ങെ കരുണയിൽ – ആശ്രയിച്ചു.

നല്ലമരണവും നല്ലവിധിയും നീ
വല്ലഭനെ എനിക്കേകണമെ!
സ്വർഭയാനിധി - യായ ദൈവവും നീ
സ്വർനന്മയായ – കർത്താവും നീ

ഈശോകർത്താവെ ഞാൻ - നിൽക്കുന്നങ്ങെപക്കൽ
ആശയോടും അനു –താപത്തോടും.
ഏറ്റം വിനീതനായ് - താഴ്മയായ് തൊനിതാ
ഏറ്റംതകർന്ന – ഹൃദയത്തോടും.

അനുതാപാധിക്യത്താൽ – ഞെട്ടിവിറച്ചു ഞാൻ
അനുഗ്രഹം സാദ്ധ്യമായ് – പ്രാർത്ഥിക്കുന്നേൻ.
എന്റെ അവസാന - നാഴികയും പിന്നെ.
എന്റെ സമസ്തം – ഭവങ്ങളും.
പൂജയായ് ഞാനിതാ – കാഴ്ചവയ്ക്കുന്നങ്ങ
പൂജ്യതൃപ്പാദത്തിൽ – താഴ്മയായി.
എന്റെകാലുകൾ - ഇളകുവാൻവയ്യാതെ.
എന്റെഅന്ത്യക്ലേശം – ചേന്നിടുമ്പോൾ.

* കരുണാകരനീശോ
കാരുണ്യത്താലങ്ങ
കരുണാപൂർവ്വം എന്നെ
രക്ഷിക്കണെ!!

എന്റെകരങ്ങൾ വി- റച്ചുമരവിച്ചു
ക്രൂശിന്മേൽതൂങ്ങിക്കി – ടക്കുന്നങ്ങെ
എന്റെ ആശ്ലേഷമ - ണുപ്പാൻ വശംകെട്ട
ദുഃഖത്തിൻകട്ടിലിൽ വീട്ടിടുമ്പോൾ *
ആസന്നമായമരണഭയത്താലെൻ
കണ്ണിണമങ്ങി ഇരുണ്ടീടുമ്പോൾ. *
ശീതത്താൽ ഞെട്ടിവി – റക്കുന്നുണ്ടുകൾ
അന്ത്യമായങ്ങെവിളിച്ചീടുമ്പോൾ. *
വിളറിക്കരുവാളി – ച്ചയെൻകവിളുകൾ
ഉളവാക്കിഅലിവുംഭ – യവുംമേന്മേൽ
എന്റെതലമുടി–മരണവിയർപ്പേറ്റു
രോമഹർഷംകൊണ്ടുകാണികൾക്കും.
എന്റെനാഴികഅടുത്തുവെന്നോതുന്ന
സന്താപവേളയിലെത്തിടുമ്പോൾ. *
മാനുഷസംസാര – ങ്ങൾക്കുനിത്യമായി
പൂട്ടപ്പെട്ടന്നഎന്റെകണ്ണുകൾ
എന്റെനിത്യഭാഗ്യം പ്രാപ്തമാക്കുന്നേ
അങ്ങെവിധിക്കുന്നീടുമ്പോൾ. *
ഭീജനകമായരൂപങ്ങളാലെന്റെ
ബോധംകലങ്ങിനിരൂപണകൾ

മൃത്യുവിൻഭീതിയാലുഴലുമുഴുകിയെൻ
കൃത്യാകൃത്യങ്ങളെകാണുകയിൽ
എന്റെആത്മാവുഭയത്താലിളകിയും
നിന്റെനീതിയിന്മേൽചിന്തിക്കയും

നിന്റെകൃപയുടെ ആശ്വാസകാഴ്ചയെ
എന്റെപക്കൽനിന്നുമാറിക്കൊണ്ട്
അന്ധകാരശക്തി എന്നെ നിരാശയിൽ
തള്ളിഇടുവാൻതുടങ്ങിടുമ്പോൾ. *

ക്ഷീണിച്ചഹൃദയം ദീനപീഡയാലെ
പാരംതെരുങ്ങി മരണനേരം.
രക്ഷയുടെദുഷ്ടശത്രുക്കളോടെന്റെ
രക്ഷകായ് പോർചെയ്യുക്ഷീണിക്കുമ്പോൾ. *

മരണത്തിന്റെ അടയാളമായിട്ടുള്ള
ഒട്ടുക്കത്തെ കണ്ണീർഞാൻ ചിന്തിടുമ്പോൾ.
അങ്ങെന്നവയെ പരിഹാരപൂജയായ്
സ്വീകരിക്കുന്നഭീനേരത്തുങ്കൽ. *

മാതാപിതാക്കളും സ്നേഹിതരും മറ്റും
ഓതാവതല്ലാത്ത ദുഃഖിതരായ്
എന്റെചുറ്റുംനിന്ന എന്റെ ദുഃഖസ്ഥിതി
ദർശിച്ചുകേണു പ്രലപിക്കയും.

നിന്റെ കരുണയെ യാചിച്ചെനിക്കായി
നിന്നോടുസാദ്ധ്യമായ് പ്രാർത്ഥിക്കുമ്പോൾ. *
എന്റെഇന്ദ്രിയങ്ങളൊക്കെ മയങ്ങിയും
ബോധംപോയ് ലോകവുംപോയ് മറഞ്ഞു

ഭീകരമായമരണ വേദനയും
ഭീതിയുമെന്നെവളഞ്ഞിടുമ്പോൾ. *
ഹൃദയത്തിന്റെ നെടുവീർപ്പുകളന്യമായ്
ആത്മവേർപാടിനെ നിർബന്ധിക്കും.

ഈ നെടുവീർപ്പുകൾ നിന്റെപക്കൽചേർന്നു
സ്നേഹത്തിൻ സൽഫലമായ്ഭവിക്കുന്നു;
ആ ഭയമുള്ള മാണപ്രമാദത്തിൽ
അങ്ങെമാത്രംഞാൻ വിളിച്ചിടുമ്പോൾ. *

ഈലോകത്തിൽ നിന്നെആത്മാവു നിത്യമായ്
യാത്രപുറപ്പെട്ടുപോകുകയും
എന്റെ ശരീരം വിളറിതണുത്തുള്ള
നിർജ്ജീവമാകയും ചെയ്തീടുമ്പോൾ. ✻

എന്റെ വിയോഗത്തെ ഞാൻ സമുപ്ലിക്കുന്ന
പൂജയായുള്ളു സ്വീകരിക്കുമ്പോൾ. ✻
അന്ത്യമായെന്റെ ആത്മാവു നിൻസാന്നിദ്ധ്യം
സന്തതമായ മഹിമയുടെ

അക്ഷയപ്രതാപം ആദ്യമായ്കാണുമ്പോൾ
നിന്റെ തിരുമുമ്പിൽ നിന്നെന്നെ നീ
തള്ളിക്കളയാതെ ഞാൻ നിത്യമായിട്ട
നിന്റെസ്തുതികളെ പാടുവാനായ്
നിന്റെകൃപയുടെ സ്നേഹമടിയനിൽ
കൽപ്പിച്ചെന്നെ നീ സ്വീകരിക്ക!

ഈശോമറിയംയൗസേപ്പേ!

2 വരം 7

ഈശോമറിയംയൗസേപ്പേ എൻആത്മാവിൻ
കൂട്ടായിരിക്കണെയന്ത്യനേരം.
ഈശോയെ സ്നേഹിച്ചെൻ നിത്യഭവനത്തിൽ
ആശയോടെത്തുവാൻ നൽവരംതാ!
ഈശോയെ! അങ്ങെ ഞാൻ സ്നേഹിച്ചു; ലോകത്തെ
വിട്ടുപിരിവാനനുഗ്രഹിക്ക!
ക്രൂശിന്മേൽതൂങ്ങി മരിച്ചോരെൻ ഈശോയെ
ആശ്ലേഷിച്ചാത്മം കയ്യാളിക്കുവാൻ.
ക്രൂശിന്നരികെ ദുഃഖാബ്ധിയിൽ മുങ്ങിയ
ക്ലേശത്തിൻ മാതാവെൻആശ്രയമേ!
ഈശോമറിയത്തിൻ മദ്ധ്യമരിച്ചോരു
യൗസേപ്പുതാതനെൻ മദ്ധ്യസ്ഥനും.
ജന്മംമുതൽക്കെന്നെ വേർപിരിഞ്ഞിടാത്ത
കാവൽമാലാഖയെൻആദരവും.

പേരിന്നുകാരണക്കാരനാം സിദ്ധനും
പാരിടത്തിലെന്റെ മാഗ്ദലീ
ക്രൂശിക്കപ്പെട്ടമ്ശീഹായെ എന്നെഞാൻ
ഹോമബലിയായിട്ടർപ്പിക്കുന്നേൻ.
എന്റെഹൃദയത്തിൻ ഓരോ അടികളും
നിന്റെനേക്കുള്ള സ്മാരമായിട്ടും
മരണപ്രമാദമനുഭവിച്ചയെങ്കെ
കരുണനിറഞ്ഞ ഹൃദയത്തിൽഞാൻ
ശരണംപ്രാപിച്ചെന്റെ മരണവേദനകൾ
പരമസ്നേഹത്തിന്റെ പ്രകരണമായ്.
ഇടമുറിയാതവ ഒന്നായിട്ടങ്കെഞാൻ
ഉടയവനെകാഴ്ച വച്ചിടുന്നേൻ.
ഈശോയെ അങ്കെതിരുഹൃദയത്തിൽഞാൻ
ആശയോടെപറന്നെത്തിടുമ്പോൾ
എന്റെആത്മാവിനെ അങ്ങുന്നുകൈക്കൊണ്ടു
നിന്റെഹൃദയത്തിൽ ചേർക്കണമെ.
നിത്യാനന്ദത്തിന്റെ സംഗീതം പാടുന്ന
നിത്യവീട്ടിലങ്കെ വാഴ്ത്തിക്കൊണ്ടു
സൈന്യങ്ങളുടെ കർത്താവു പരിശുദ്ധൻ,
പരിശുദ്ധൻ, പരിശുദ്ധനെന്നുപാടി
നിത്യം അങ്കെനാമം വാഴ്ത്തിസ്തുതിക്കുവാൻ
കർത്താവെ എന്നെയനുഗ്രഹിക്ക!

ന. നാഥയോടുള്ള ഒരു സായഹ്നസല്ലാപം.

(കന്നിടാസിയെ. എ. മ.)

മാതാവെമമ ദിഷ്ടനാൽപോയിതാ
രാത്രിയായ് വരുന്നിസ്സമയം!
പ്രിയനാഥെ ഞാൻ നിൻസവിധത്തിങ്കൽ
മുട്ടിന്മേൽ നിൽക്കുന്നിന്നന്യമായ്.

ഇട്ടിനമെന്നെ കാത്തതിനാൽനിന്നെ
വാഴ്ത്തിടുന്നേൻ ഞാൻനന്ദിമായി.
എല്ലാദിനമെയിൽ നിന്നെന്നെരാത്രിയിൽ
നല്ലമാതാവെ കാത്തിടണെ!
വീണ്ടുഞാൻ പലപ്രാവശ്യമായിന്നു
നാണക്കേടെന്യെ ചൊല്ലിടുന്നു.
അങ്ങെതുപ്പാതെ വന്നപേക്ഷിച്ചതിൽ
പിന്നെയുംഞാൻ വിട്ടെൻദൈവത്തെ
ഇഷ്ടപ്രസാദമാനങ്ങൾതന്നെയും
കഷ്ടമെ ഞാനുപേക്ഷിച്ചമ്മെ!
ഈശോയോടെന്റെ കന്മഷം മാപ്പാനായ്
യാചിച്ചിടണെ കന്നിയമ്മെ!
ഓരോന്നായിട്ടെൻ നാഴികപോകുന്നു
തായെഎന്നിൽക്കനിഞ്ഞിടെണം.
ഇട്ടിവസത്തെ ജോലിചെയ്തതിനാൽ
വിശ്രമത്തിന്നായക്കിവനെ!
എന്നെ ന്യായം വിധിക്കുന്നകത്താവു
നന്നായ് കാണുന്നേൻ എൻകർമ്മങ്ങൾ
എൻറെനന്മയും തിന്മയുംകത്താവു
നന്മനസ്സോടെ പാർക്കുന്നമ്മെ!
നിത്യായുസ്സിൻറെ പുസ്തകത്തിലവ
സത്യമായിക്കുറിക്കുന്നുണ്ടു
ക്ഷുദ്രരോടിരുന്നായതിൽ എന്നുടെ
ന്യൂനതകളെ കേട്ടിടായ്വാൻ.
പ്രാർത്ഥിക്കെണമെ നീചാടിടുന്നായ് നി
ഓർക്കുന്നൊരെല്ലാം എൻചാപല്യം.
സ്വന്തരക്തത്തെ പാപികൾക്കായിശോ
അന്ത്യത്തുള്ളിവരെയുംചിന്തി.
ലോകപാപങ്ങൾ ആകവെനീക്കുവാൻ
ഏകരക്തകണം മതിയെ!
ഇക്കുഞ്ഞാവിൻറെ സ്നേഹത്തെഓർത്തിട്ടു
ഉൾക്കാമ്പിൽഇവനിൽകനിക.

അക്കോദയത്തിൻ മുമ്പായ് ഞാൻ കട്ടിലിൽ
ഊർദ്ധശ്വാസം വലിക്കുന്നെങ്കിൽ
ഇപ്പോഴത്തെയെൻ നിദ്രനിസ്സംശയം
ദീർഘനിദ്രയാം മൃത്യുവെഞ്ഞാൻ.
മാധുര്യമുള്ളമാതാവെ ഏശുവിൻ
മാധുര്യനാമം ഞാൻജപിച്ചു
പാലകിഎന്റെ പക്കൽ എഴുന്നള്ളി
പാലനംചെയ്ത ഏശുവോടും
മാദ്ധ്യസ്ഥംനിന്റെ സൂനവോടെന്നിക്ക്
സാദ്ധ്യമായ് നീ യാചിച്ചീടുകിൽ
രക്ഷകൻഎന്നെ നിശ്ചയമായിട്ടും
ശിക്ഷിക്കാതെ രക്ഷിക്കുമമ്മേ!

CARMELITE MONASTERY
ALWAYE, TRAVANCORE
ALWAYE, T.I.S. RAILWAY STATION

ഈലോകം വിട്ടുപിരിയുന്ന ക്രിസ്തീയ ആത്മാവു്.

ഈലോകംവിട്ടുപി—രിയുന്നക്രിസ്തീയ
ആത്മാവെ—നിന്നെസൃഷ്ടിച്ചദൈവം.
സർവ്വശക്തനങ്ങു സർവ്വവ്യാപിയായ
ബാവാതമ്പുരാന്റെ നാമത്തിലും

ഏകദൈവപുത്രൻ നമ്മൾക്കായ് ക്രൂശിച്ച
ഈശോമ്ശീഹാടെ നാമത്തിലും
നിന്നിൽഎഴുന്നള്ളിവന്ന റൂഹാദക്കു—
ദ്ശായുടെ തിരുനാമത്തിലും.

ഭക്തിജ്ഞാലകന്മാർ ജ്ഞാനാധിക്യർതൊട്ട
ഒൻപതുവന്ദ്യരിൻനാമത്തിലും.
ബാവാന്മാർ ദീർഘദർശികൾ ശ്ലീഹന്മാരും
ഏവൻഗേലിസ്റ്റർ വേദസാക്ഷികൾ

വന്ദകന്മാരുടെ നാമത്തിലുംപിന്നെ
കർത്താവിന്റെ അടിയാരുടേയും
സകലവിശുദ്ധന്മാരുടെനാമത്തിലും
നിർഭാഗ്യലോകത്തെവിട്ടീടുനീ

സ്വർഗ്ഗത്തിലേക്കുപുറപ്പെട്ടകനിത്യ-
ഗേഹത്തിൽപൂണ്ണശരണത്തോടെ.
ഇന്നു നീ മോക്ഷരാജ്യത്തിൽസമാധാനം
ചേർന്നുസഹിയോനിൽ ആശ്വസിക്ക!

കർത്താവെഅങ്ങുന്നനുഗ്രഹിക്കേണമെ!
മ്ശീഹായെഅങ്ങുന്നനുഗ്രഹിക്ക!
കർത്താവെഅങ്ങുന്നനുഗ്രഹിക്കേണമെ!
മ്ശീഹായെഅങ്ങുന്നനുഗ്രഹിക്ക!

സർവ്വേശനിഷ്ഠരായുള്ളവിശുദ്ധരെ!
വന്നിടേണമെ സഹായത്തിന്നായ്
ദിവ്യപ്രഭുക്കളായ് ശോഭിച്ചുവാഴുന്ന
ഭക്തിജ്വാലകർ, ജ്ഞാനാധിക്യരെ,

ഭദ്രാസനന്മാരെ, നാഥകൃത്യന്മാരെ,
തത്വകന്മാരെ, ബലവത്തുക്കൾ,
സമാധാനമുഖ്യർ, മുഖ്യോത്തമന്മാരെ,
ദൈവദൂതന്മാരെ, വന്നീടുവിൻ.

കർത്താവിൻസന്നിധിതന്നിലെതിരേറ്റു
ആക്കുവിൻനിങ്ങളീ ആത്മാവിനെ.
ഇപ്പുരദേശംകടന്നീടുന്നാത്മാവെ!
കാരുണ്യയീശോകർത്താവുനിന്നെ.

അങ്ങെതിരുവടിയാരുടെക്രൂത്തിൽ
അങ്ങുന്നുനിന്നെവിളിച്ചീടട്ടെ!
മാലകാമാർ നിന്നെദൈവസന്നിധിയിൽ
ആനയിക്കട്ടെഅല്ലുംഹത്തിങ്കൽ.

ഇതാ ഞാൻ മാതാവെ!

(അങ്ങസ്സു. എ. മ.)

ഇതാഞാൻ മാതാവെ!
അങ്ങെതൃപ്പാദത്തിൽ
കടാക്ഷം! കടാക്ഷം! ഈപാപിയിൽ.

നാഥെ! മാതാവെ,
എന്നെപൂണ്ണ്മായിഞാൻ
കാഴ്ചയായ് വയ്ക്കുന്നിതാ
ദേഹദേഹിഏകമായ്
മേരിമാതാവെ!
ഭ്ര – ലോ – ക – വാസിഞാൻ

(ശുദ്ധീകരണസ്ഥല– എ. മ)

സർവ്വേശ്വരൻ വാഴ്ത്തപ്പെട്ടവനാകട്ടെ!
തൻതിരുനാമം വാഴ്ത്തപ്പെടട്ടെ!
സത്യദൈവവും സത്യമർത്ത്യനുമായ
ഈശോമ്ശീഹാവാഴ്ത്തപ്പെടട്ടെ!

ഈശോയുടെതിരുനാമംവാഴ്ത്തിടട്ടെ!
അങ്ങുടെപരിശുദ്ധഹൃദയവും.
പീഠത്തിന്മേൽ ശുദ്ധകുബ്ബാനയിൽവാഴും
ഈശോ വാഴ്ത്തപ്പെട്ടവനാകട്ടെ!

ദൈവമാതാവായഏറ്റം പരിശുദ്ധ
മറിയംവാഴ്ത്തപ്പെട്ടവളാകട്ടെ!
തൻറെവിശുദ്ധമാം അമലോത്ഭവസത്യം
എല്ലാവരാലും വാഴ്ത്തപ്പെടട്ടെ!

കന്യകയും മാതാവുമായമേരിതൻ
തിരുനാമം വാഴ്ത്തപ്പെട്ടതാകട്ടെ!
മാർയൗസേപ്പു വാഴ്ത്തപ്പെട്ടവനാകട്ടെ!
തൻറെവിരക്തഭർത്താവാമല്ലോ.

സർവ്വേശ്വരൻതൻറെ മാലാകാമാരിലും
ശുദ്ധന്മാരിലും വാഴ്ത്തപ്പെടട്ടെ!

51-ാം സങ്കീർത്തനം.

(പുത്രൻ പാൽ. എ. മ.)

ദൈവമേ അങ്ങേ കൃപാധിക്യംപോലുമീ
എനോടുകാരുണ്യമുണ്ടാകണമേ!
അങ്ങേകൃപാധിക്യം പോലെതന്നെഎന്റെ
പാപങ്ങളൊക്കയും മായിക്കണമേ.

എന്റെദുഷ്ടതയിൽ നിന്നെന്നെയുഴറവും,
അങ്ങുന്നു എന്നെ കഴുകേണമെ!
എന്റെപാപങ്ങളിൽ നിന്നെന്നെശുദ്ധമായ്,
തീർക്കുവാൻ കാരുണ്യമുണ്ടാകണമേ!

നിന്നോടുമാത്രം പിഴച്ചുഞാൻ കർത്താവെ,
അങ്ങെമുമ്പിൽ തിന്മചെയ്തുപോയി.
എന്തെന്നാൽ നിന്റെതിരുവചനത്തിൽനീ,
നീതീകരിക്കപ്പെടും നിശ്ചയം.

നിന്റെവിധികളിൽ നീ വിജയിയാകും;
സർവ്വവിധികർത്താവങ്ങുന്നല്ലൊ!!
ദുഷ്ടതയിലെന്നെ ഗർഭംധരിക്കയും
പാപത്തിൽമാതാവുഗർഭണിയായ്.

സത്യത്തിൽനീയൊപ്രസാദിച്ചു കർത്താവെ,
ജ്ഞാനരഹസ്യമറിയിച്ചെന്നെ.
'സോഫാ'കൊണ്ടെന്നെ തളിക്കുകകർത്താവെ,
ഞാൻവെടിപ്പാക്കപ്പെടും നിശ്ചയം.

എന്നെകഴുകുകയതുകൊണ്ടുനീ,
മഞ്ഞിനെക്കാൾ ഞാൻവെളുത്തിടുമെ!
നിന്റെആനന്ദവും സന്തോഷവുമെന്നെ,
അങ്ങുന്നനുഭവിപ്പിക്കേണമെ!

അപ്പോൾഎല്ലിച്ചായുള്ള എൻഅസ്ഥികൾ
സന്തോഷിക്കുംഅങ്ങേ കാരുണ്യത്താൽ
എന്റെപാപങ്ങളിൽനിന്നു മുഖംതിരി–
ച്ചെന്റെതെറ്റുകളെ മായിക്കണമേ!

ദൈവമെക്കുറവും വെടിപ്പുള്ളഹൃദയം
എന്നിൽസൃഷ്ടിക്കാൻ കനിഞ്ഞിടണെ!
നിൻറെ ചൊവ്വുള്ള അരൂപയെയെന്നുള്ളിൽ
നവീകരിക്കയും ചെയ്യേണമെ!

അങ്ങെ മുൻപാകെ നിന്നെന്നെ തള്ളരുതെ,
ഞാൻ നീചപാപിയാകുന്നെങ്കിലും.
നിൻറെ പരിശുദ്ധാത്മാവിയെ എന്നിൽനി-
ന്നങ്ങുന്നെടുക്കല്ലെ കർത്താവെ നീ.

പിന്നെയോ നിൻറെ ആനന്ദവും രക്ഷയും,
എന്നിലേക്കങ്ങു തിരികേണമെ!
എന്നെ താങ്ങുകയും ചെയ്യട്ടെ കർത്താവെ,
നിൻറെ മഹത്വമുള്ള അരൂപി.

ദുഷ്ടരെ ഞാൻ നിൻറെ പാദം പഠിപ്പിയ്ക്കും;
പാപികൾ പിന്തിരിയട്ടെ നിന്നിൽ.
എൻറെ ദൈവമെ! എൻനീതിയുടെ ദേവാ!
രക്തത്തിൽനിന്നെന്നെ രക്ഷിക്കണെ!

എന്നാലെൻറെ നാവുനിത്യം സ്തുതിക്കുമെ!
നിൻറെ സ്തുതിയെ കാലാകാലവും.
കർത്താവെ എൻ അധരങ്ങളെനിക്കായി,
നാഥാ തുറന്നരുളേണമെ നീ.

എൻറെവായ് നിൻറെ സ്തുതികളെ കർത്താവെ,
നിത്യം പ്രഘോഷിക്കട്ടെ ഭൂമി.
എന്തുകൊണ്ടെന്നാൽ ബലികളിൽ അങ്ങുന്നു;
ഇഷ്ടപ്പെട്ടില്ലല്ലോ സർവ്വശക്താ.

നീ രമ്യപ്പെട്ടില്ല ഹോമബലിയിലും;
സൃഷ്ടികർത്താവെ സകലേശാ നീ!
ദൈവത്തിനുള്ള ബലികൾ എളിമയാൽ,
പൂർണ്ണമായുള്ള ഹൃദയമത്രെ!

ദൈവം നിരസിക്കയില്ല നിസംശയം,
കുറവൻതകർന്ന ഹൃദയത്തേയും.
സെഹിയോനു നന്മചെയ്യുക നിൻ ഇഷ്ടം പോൽ,
ഓർശ്ലെത്തിൻ മതിൽ പണിയിക്കുക.

ഇഷ്ടപ്പെട്ടം അങ്ങു അപ്പോൾ നീതിയുടെ,
ബലികളിലും, ഹോമബലികളിലും.
അപ്പോൾ നിന്റെ ബലിപീഠത്തിലേക്കവർ;
യാഗങ്ങളെ കയറ്റിടും നാഥാ.

ക്രിസ്തുരാജനോടുള്ള പ്രാർത്ഥനാഗീതം.

(ഭൂമിയിൽമാനിട– എ. മ.)

ഈശോമ് ശിഹായെ, സർവ്വലോകരാജൻ
എന്നെങ്ങെ ഏറുപറയുന്ന ഞാൻ
സൃഷ്ടിക്കപ്പെട്ടവ, എല്ലാമങ്ങേക്കായി
ഉണ്ടാക്കപ്പെട്ടിരിക്കുന്നവല്ലൊ!
അങ്ങെ സമ്പൂർണ്ണമായ അധികാരം;
അങ്ങുന്നെന്റമേൽ നടത്തേണമെ!
പിശാചിനേയുമവന്റെ ആഘോഷ–
പ്രവർത്തികളേയുപേക്ഷിച്ചുഞാൻ.
എന്റെ ജ്ഞാനസ്നാന പ്രതിജ്ഞകളേയും
നവീകരിക്കയും ചെയ്തുകൊണ്ട
നല്ലക്രസ്ത്യാനിയായ് ജീവിക്കാമെന്നുള്ള,
വാശത്തം കുസുവിൽ ചെയ്തിടുന്നു.
ദൈവത്തിന്റെയും തിരുസ്സഭയുടെയും
സാക്ഷാലവകാശ സാദ്ധ്യത്തിന്നായ്.
എന്നാലാവുന്നതെല്ലാം ചെയ്യാമെന്നുള്ള
സത്യപ്രതിജ്ഞ ചെയ്യുന്നേനഹം.
ഈശോയുടെ തിരുഹൃദയമെയങ്ങെ,
പരിശുദ്ധ രാജത്വം എല്ലാടവും
സ്വീകരിക്കുന്നതിന്നും അതുമൂലമായ്
അങ്ങെ സമാധാനത്തിൻഭരണം.
ഭൂലോകമെല്ലാം സ്ഥാപിക്കപ്പെട്ടവാനും
എന്റെ സേവനങ്ങളങ്ങേക്കഞാൻ;
ശക്തങ്ങളല്ലെങ്കിലും കാഴ്ചവയ്ക്കുന്ന
സമ്പൂർണ്ണതന്റെ തൃപ്പാദതാരിൽ.

"നിൻെറരാജ്യംവരണം!"

(ഫോമജതിയമതെ– എ. മ.)

പ. നിൻെറരാജ്യംവരണം– ക്രിസ്തുരാജാ!
നിൻെറരാജ്യം വരണം!

ച. സൃഷ്ടചരാചര സൃഷ്ടികർത്താവുള്ള
സർവ്വലോകാധിപനും കർത്താവുംനീ. നിൻെറ. . .

2. നിത്യപിതാവിൻെറ സത്യകുമാരനെ!
നിത്യവും രാജനായിവാഴണോനെ! നിൻെറ. . .

3. ലോകമെല്ലാമങ്ങെ സ്വീകരിച്ചുകൊണ്ട
ലോകമങ്ങെഭരണം പ്രാപിക്കുവാൻ. നിൻെറ. . .

4. സത്യസമാധാനത്തിൻെറ പ്രകാശമെ!
നിത്യമങ്ങെസ്തുതിച്ചു ആരാധിപ്പാൻ. നിൻെറ...

'തിരുരാജനേശുവെ.'

(പരലോകരാജകിയെ. എ. മ.)

തിരുരാജനേശുവെ, തിരുരാജനായദൈവ
പുത്രനെ– ലോകരക്ഷകാ– നിൻെറരാജ്യംവരണം!
ലോകമാസകലവും– ക്രിസ്തുരാജനെവാഴ്ക–
രാജരാജനായി.

പരലോകരാജനെ! പരലോക–
രാജനായകർത്താവെ! സ്നേഹരാജനെ!
ലോകത്തിൽ സമാധാനം സ്ഥാപിക്കപ്പെട്ടവാനായ്
ക്രിസ്തുരാജനീലോകെ! വാഴ്കരാജനായി.

പരിശുദ്ധ സ്നേഹമെ! പരിശുദ്ധസ്നേഹ–
രാജ്യംഞങ്ങളിൽ– സാദ്ധ്യമാകുവാൻ
ക്രിസ്തുവെ പരിശുദ്ധസ്നേഹരാജനെ വാഴ്ക!
നാകലോകമഹേശാ– വാഴ്കരാജനായി.

"ക്രിസ്തുരാജൻ ജയിക്കട്ടെ"

വഞ്ചിപ്പാട്ട്.

ക്രിസ്തുരാജൻ ജയിക്കട്ടെ! ക്രിസ്തുരാജൻ ഭരിക്കട്ടെ!
ക്രിസ്തുരാജൻ മാനസ്സത്തിൽ വിജയിക്കട്ടെ!
ക്രിസ്തുവിന്റെ സമാധാനം ക്രൂശുവിന്റെ ഭരണത്തിൽ,
ക്രിസ്തുവിനെ ലോകശക്തി സ്വീകരിക്കട്ടെ!

2. ക്രിസ്തുവിന്റെ ധർമ്മഭടജനങ്ങൾ നാമെന്ന സത്യം
വാസ്തവത്തിൽ ലോകമിന്നുകണ്ടറിയട്ടെ.
ക്രിസ്തുവിന്റെ തിരുസ്സഭ ലോകമെങ്ങും പ്രചരിപ്പാൻ
വാസ്തവത്തിൽ ഉള്ളുഴിഞ്ഞു പ്രവർത്തിക്കുന്നാം.
ക്രിസ്തുരാജൻ ജയിക്കട്ടെ!. . .

3. ക്രിസ്തുരാജന്റെ തത്വങ്ങൾ പ്രസംഗിക്കുന്നതിനെക്കാൾ
ക്രിസ്തുവിന്റെ പഠനങ്ങൾ പ്രവർത്തിക്കുന്നാം
ക്രിസ്തുരാജൻ സ്നേഹരാജൻ എന്നുലോകം ഗ്രഹിക്കുവാൻ,
ക്രിസ്തുവിന്റെ സ്നേഹിതരായ് തീരണം നമ്മൾ.
ക്രിസ്തുരാജൻ ജയിക്കട്ടെ. . .

4. ദൈവസ്നേഹം പരസ്നേഹം എന്നുരണ്ടു ചിറകുകൾ
ദൈവസ്നേഹിതർക്കു പറക്കുന്നതിനെന്നും.
ക്രിസ്തുരാജന്റെ സാമ്രാജ്യസീമയിന്നിലോകമെല്ലാം
നിസ്തുലമാം സമാധാനം കൈവരിക്കട്ടെ.
ക്രിസ്തുരാജൻ ജയിക്കട്ടെ....

5. ക്രിസ്തുരാജന്റെ വിശുദ്ധഹൃദയത്തിൽ ജ്വലിക്കുന്ന
ദൈവസ്നേഹം നമ്മിലങ്ങുനിറക്കട്ടെതാൻ
ലോകമെല്ലാം നേടിയാലും ആത്മനാശംഭവിച്ചെന്നാൽ
എന്തുലാഭമെന്നുമർത്യൻ ചിന്തചെയ്യാലും.
ക്രിസ്തുരാജൻ ജയിക്കട്ടെ!. . .

6. ലോകരക്ഷകന്റെ ജീവനേകിനമ്മെ വീണ്ടെടുപ്പാൻ
ലോകരക്ഷകന്റെ രക്തവിലയുമേകി.
ക്രിസ്തുരാജന്റെ വിശ്വസ്ത പടഭടന്മാരായിനമ്മൾ
ക്രിസ്തുവിന്നായ് രക്തമല്ലജീവനെപ്പോലും.
ക്രിസ്തുരാജൻ ജയിക്കട്ടെ. . .

7. ക്രിസ്തുനാമം പ്രചരിപ്പാൻ ധീരധീരപ്രവർത്തിച്ചു
ക്രിസ്തുചിന്തായ് ഹൃദയങ്ങൾ നേടണം നമ്മൾ.
സൂര്യരശ്മിസ്പർശത്തിൽ പ്രവേശിക്കുന്നതുപോലെ,
സൂര്യനെക്കാൾ ശോഭയുള്ളദിവ്യരശ്മികൾ.
ക്രിസ്തുരാജൻ. . .

8. കാഴ്ചമായിത്തട്ടിമർത്ത ഹൃദയങ്ങൾനിറക്കുവാൻ,
വിശ്വമേറും ദൈവസ്നേഹം ശക്തിനൽകട്ടെ!
സ്വർഗ്ഗമെന്നഭവനത്തെ ലക്ഷ്യമാക്കിക്കൊണ്ടുനമ്മൾ
മാർഗ്ഗമദ്ധ്യേ വസിക്കുന്നിലോകരംഗത്തിൽ.
ക്രിസ്തുരാജൻ. . .

9. സ്വർഗ്ഗവാതിൽ തുറന്നിശോ രക്ഷണീയവേലമൂലം
സ്വർഗ്ഗവാതിൽസ്നേഹമുള്ള കന്യകാമേരി.
അന്ത്യവിധിദിവസത്തിൽ വാനമേഘങ്ങളിലിശോ,
സ്വന്തമായ മഹിമാവിലാഗമിക്കുമ്പോൾ
ക്രിസ്തുരാജൻജയിക്കട്ടെ. . .

10. ക്രിസ്തുരാജന്റെപാർശ്വത്തിൽക്രൂശുസമ്മോദംവഹിച്ച
ക്രിസ്തുരാജന്റെ യോദ്ധാക്കൾ പ്രശോഭിക്കുന്നു.
ഇന്നുക്രൂശുവഹിക്കുന്നോരനുസൗഭാഗ്യകിരീടം
ഉന്നതസിംഹാസനത്തിൽ സ്വീകരിക്കുന്നു.
ക്രിസ്തുരാജൻജയിക്കട്ടെ. . .

11. ലോകസുഖഭാഗ്യമെല്ലാം പുകപോലെമറയുന്നു,
ലോകരക്ഷകന്റെ സ്നേഹം നിലനിൽക്കുന്നു.
ശാന്തശീലനായക്രിസ്തുരാജനെ വിജയമോടെ,
എന്തുത്യാഗംസഹിച്ചും നാംഅനുഗമിക്ക!
ക്രിസ്തുരാജൻ. . .

12. ദൈവദത്തമായ നല്ലമനസ്സാക്ഷിപോലെനമ്മൾ
ദൈവചിന്തംപ്രവർത്തിച്ചുമരുവുന്നെങ്കിൽ
ദൈവമങ്ങെതൃക്കരങ്ങൾകൊണ്ടു കണ്ണീർതുടക്കുന്ന
ദിവസത്തിൽ ദുഃഖമെല്ലാം മറയുംനിശ്ചയം.
ക്രിസ്തുരാജൻ. . .

വച്ചുപാട്ട്.

ക്രിസ്തുരാജൻവിജയിക്കട്ടെ സന്തതം,
ക്രിസ്തുവിൻറെസഭ ഭൂലോകമെങ്ങുമെ!
ക്രിസ്തുരാജൻ സമാധാനംലോകത്തിന്നു്.
വാസ്തവമായ പ്രകാശവുംതാൻ തന്നെ.
കാൽവരിയെന്നഗിരിയിൽസ്തിവാബലി,
മൂലംഹനിച്ചങ്ങു ലോകപാപങ്ങളെ.
ക്രിസ്തുരാജൻറെ കുരിശുമരണത്താൽ,
ക്രിസ്തുരാജൻവിണ്ടെടുത്തു ഭൂലോകത്തെ.
സത്യവിശ്വാസം ബലപ്പെട്ടസുവ്യക്തം.
സത്യദൈവത്തെ യീലോകമറിയുവാൻ.
സത്യദൈവപുത്രൻക്രിസ്തുരാജനെന്നും
നിത്യപിതാവിൻറെവാത്സല്യവത്സലൻ.
ഭൂലോകരക്ഷകനെന്നുള്ളവസ്തുത
ഭൂലോകശക്തികൾ കണ്ടുഗ്രഹിച്ചങ്ങു;
ഭൂലോകത്തിൻറെ സമാധാനരാജനായ്.
ഭൂലോകംസ്വീകരിപ്പാനായിപ്രാർത്ഥിക്ക!
ഈശോയുടെ പരിശുദ്ധഹൃദയമെ!
നിൻറെരാജ്യം വേഗംവന്നു ഭവിക്കട്ടെ!
ഈശോമശിഹായെ അങ്ങെരാജത്വത്തെ,
ഭൂലോകമെങ്ങുമെ, ഏറ്റുപറയട്ടെ!
ക്രിസ്തുരാജൻതൻറെ അദ്ധ്യാത്മസാമ്രാജ്യം,
ദിവ്യസ്നേഹാഗ്നിയാൽ സ്ഥാപിച്ചുവാഴട്ടെ!
ക്രിസ്തുരാജൻവിജയിക്കട്ടെ സ്നേഹത്തിൽ
ക്രിസ്തുരാജൻ വിജയിക്കട്ടെസന്തതം.

രാജാധിരാജൻ.

(നാഥേ!മാതാവേ. എ. മ.)

രാജാധിരാജനും— സൃഷ്ടാവുമായ
രാജൻസർവ്വലോക-സാമ്രാട്ടുമീശോ.
ച: ക്രിസ്തു— രാജൻ- നിത്യംവാഴട്ടെ! (ദ്രു)

2. ഭൂലോകരക്ഷകൻ– മർത്യനായ് വന്നു
ഭൂലോകം സ്ത്രീവായാൽ– വീണ്ടുരക്ഷിച്ചു.
ക്രിസ്തു– രാജൻ. . .

3. ദൈവസ്നേഹാഗ്നിയെ– കത്തിപ്പാൻവന്ന
ദൈവകുമാരനും കർത്താവുമീശോ.
ക്രിസ്തു– രാജൻ. . .

4. സാക്ഷാൽ ധർമ്മാദ്ധ്വനം– ഭൂലോകത്തിന്നു്
സാക്ഷാൽപ്രകാശവും– ശ്രീയേശുതന്നെ.
ക്രിസ്തു- രാജൻ. . .

5. ഏകതൊഴുത്തും– ഇടയനുമായി
ഏകദൈവത്തെ– യീലോകമറിവാൻ.
ക്രിസ്തു– രാജൻ. . .

ക്രിസ്തുരാജൻ വിജയിക്ക.

(ഒരല്ലിയെൻറും– എ. മ.)

ക്രിസ്തുരാജൻ വിജയിക്ക!
ക്രിസ്തുരാജൻ വിജയിക്ക!
ക്രിസ്തുരാജൻ സർവ്വരിലും
ക്രിസ്തുരാജൻ വിജയിക്ക!

2. ക്രിസ്തുവിൻെറ ഭരണത്തിൽ,
ക്രിസ്തുവിൻെറ സമാധാനം.
ക്രിസ്തുരാജൻ ലോകമെല്ലാം
ക്രിസ്തുരാജൻ വിജയി . . .

3. സർവ്വത്തിന്നും രാജാവായ
ഈശോമ്ശീഹായെ സ്വസ്തി!
സർവ്വസൃഷ്ടിനാഥനായ– ക്രിസ്തു. . .

4. സർവ്വചരാചരങ്ങളെ
സന്തതമായ് കീഴടക്കി
അന്ധവിശ്വാസമകറ്റി ക്രിസ്തു. . .

5. അന്ധകാരശക്തികളെ,
സന്തതമായ് കീഴടക്കി
അന്ധവിശ്വാസമകറ്റി – ക്രിസ്തു ....

6. ക്രിസ്തുരാജനിന്നുമെന്നും
അദ്ധ്യാത്മികശക്തികളാൽ
നിസ്തുലമായ് ആത്മാക്കളിൽ. ക്രിസ്തു . . .

7. ഈശോയുടെ ഹൃദയമെ!
നിന്റെ രാജ്യം വരണമെ!
ഈശോഞങ്ങൾക്കീശോയെന്നും. ക്രിസ്തു . . .

8. ക്രിസ്തുരാജൻ ഗാർഹസ്ഥ്യത്തിൽ
സ്നേഹമെല്ലാം സ്വസ്ഥമാക്കി.
വാസ്തവത്തിൽ ലോകമെങ്ങും ക്രിസ്തു . . .

അമ: മാതൃസ്തുതിഗീതം.

(എതനല്ലിശോ –എ. മ)

ലോകനായികെ സ്വസ്തി!
സ്വർഗ്ഗരാജ്ഞിയെ സ്വസ്തി!
പരിശുദ്ധ കന്യകയെ!
അമലോത്ഭവയെ സ്വസ്തി!

ഉഷ:കാല നക്ഷത്രമെ!
നന്മനിറഞ്ഞവളെ!
ലോകരക്ഷക്കായ് നാഥെ!
വേഗംവന്നിടണമെ!

മുന്നമെ ദൈവംനിന്നെ
മനസ്സിൽവചനമായ
ഏക ജാതന്റെമാതാ–
വാകുവാൻനിശ്ചയിച്ചു.

സൃഷ്ടിക്കപ്പെട്ടാകാശം
ഭൂമിയുംസമുദ്രവും
സൃഷ്ടാവായ് വാണീടുന്നോ–
രീവചനത്താൽ തന്നെ.

അങ്ങുന്നലങ്കരിച്ചു
നിന്നെവിമലയായും
സുന്ദരിയായും തന്റെ
ദായയായിട്ടുമാമേൻ.

2. ജ്ഞാനമുള്ളകന്യകയെ.

(ശാഡ് ഓഫ് മെഷ്സി. എ. മ.)

ജ്ഞാനമുള്ളകന്യകയെ– ദൈവത്തിന്റെ ഗേഹമെ!
സപ്രസാദംഭവിപ്പാനായ് നിന്നെസ്വസ്തിസന്തതം!

ലോകമാലിന്യം തിണ്ടാതെ– കാക്കപ്പെട്ട പുണ്യമെ!
നാകലോകകന്യകയെ- സ്വസ്തിനിനക്കെപ്പൊഴും.

യാക്കോബിൻനവിനതാരം– വാനവൻനാഥനി;
ജീവനുള്ളവൻമാതാ– വാതിലുള്ള സിദ്ധൻ.

ഭീകരസൈന്യപംക്തിനി - ദുഷ്ടനായസാത്താനും.
ക്രൂശുവഹിച്ചരക്ഷാസ്ഥാനം– ആശ്രയമുണ്ടുനാമേൻ.

3. വാഗ്ദാനത്തിൻപെട്ടകമെ.

(അല്ലിയെൻഡും. എ. മ.)

വാഗ്ദാനത്തിൻപെട്ടകമെ- ശ്ലോമോന്റെസിംഹാസനമെ!
ആകാശസുന്ദരിവില്ലെ – ദർശനത്തിൻമുൽപ്പടർപ്പെ!

പുഷ്പിച്ചവടിയെസ്വസ്തി – ഗദയോൻരാട്ടിൻരോമമെ!
അടയ്ക്കപ്പെട്ടദൈവവാതിൽ - ശെമശോന്റെതേൻക്കൂടെ
സ്വസ്തി!

ജന്മപാപത്തിൽനിന്നിത്ര– ശ്രേഷ്ഠസുതരെരക്ഷിച്ചു–
മഹാപായമുണ്ടായകറ– ഏശിടാത്തതേറനുകരം.

മാതാവായഭാഗ്യവതി - യാതോരുപാപത്താലുമെ!
മാലിന്യമായ്തീർന്നിടുവാൻ – സമ്മതിച്ചില്ലുണ്ണുനാമേൻ.

4. "കന്നിയമ്മെ"

(ദൈവത്തിന്റെ ഏകപുത്രൻ. എ. മ.)

കന്നിയമ്മെത്രിത്വത്തിന്റെ – ആലയമെസ്വസ്തിതെ!
മാലാകാമാക്കാനന്ദമെ! - ശ്രുദ്ധസിംഹാസനമെ!
വ്യാകുലന്മാക്കാശ്വാസമെ!– ആനന്ദപൂവാടിയെ!
ക്ഷമയുടെവിത്തുംനീ– വിരക്തിക്കർസ്സമരം.
ആശീർവദിക്കപ്പെട്ടുള്ള– മൈദികഭ്രമിയും നീ
ജന്മപാപക്കറയറ –പരിശുദ്ധകന്യകെ!
അത്യുന്നതന്റെനഗരം –കിഴക്കിന്റെവാതിൽനീ
സർവ്വനന്മവിളങ്ങുന്ന – നിന്നിലാമേൻസന്തതം.

5. "സങ്കേതപട്ടണമെ മരിയെ"

(മാനുഷൻ പുത്രൻ. എ. മ)

സങ്കേതപട്ടണമെ മരിയെ!
സ്വസ്തിതെ ദാവീദിൻകോട്ടയങ്ങു. ഹാ!
ഉന്നതഗോപുരകൊത്തളങ്ങൾ
ആയുദ്ധത്താലും നീ ശക്തതന്നെ.

ഉത്സവത്തിൽദൈവസ്നേഹാഗ്നിയാൽ
തട്ടിത്തകർത്തുസാത്താന്റെതല –ഹാ!
ജയിക്കപ്പെടാത്തയുദിത്തുംസാക്ഷാൽ
ധൈര്യമുള്ളനാരീരത്നവും നീ.

സത്യദാവിദിനുചൂടുനൽകും,
സുന്ദരകന്യകഅവിശുദ്ധനീ! ഹാ
റാഹേൽപോൽമെസ്രേന്റെരക്ഷകനെ;
മറിയംമഹിച്ച ഭ്രരക്ഷകനെ.

6. "ആക്കാസിന്റെ ഘടികാരമെ!"

(ഉടയവൻ തന്നുടെ— എ. മ.)

ആക്കാസിന്റെഘടികാരമെവന്ദനം.
ദൈവവചനമാം നീതിസൂര്യൻ.
പത്തുരേഖ പൊങ്ങാടിപുറകോട്ട:
മർത്ത്യവതാരവും ചെയ്യുന്നിന്നിൽ
മർത്ത്യരെരക്ഷിച്ചുഭാഗ്യപ്പെടുത്തുവാൻ
ദൈവപുത്രനമാരെക്കാളുമങ്ങു.
അല്പംകുറഞ്ഞവനായിമഹേശൻതാൻ
നരകത്തിൽനിന്നുരക്ഷിച്ചു നമ്മെ!
ഉഷ:കാലനക്ഷത്രംപോലുദിച്ചു മേരി
അക്കന്നെരശ്മിയാൽ ശോഭിക്കുന്നു.
ഉത്ഭവത്തിൽപാരംശോഭിച്ചുവളരുടെ
മിന്നുന്നകാന്തിയിലോകത്തിന്നു.
മുത്തുകൾകിടയിലെശോശന്നാപുഷ്പംപോൽ
ചന്ദ്രനെപ്പോലഴകുള്ളവളും.
പന്നഗത്തിൽതലതട്ടിത്തകർത്തവൾ
തെറ്ററിയപാമ്പതക്കൊരാഭനൽകും.

7. പുഷ്പിയ്ക്കുന്ന കന്യകയെ.

(സ്തോത്രം പാടാം— എ. മ.)

പുഷ്പിയ്ക്കുന്ന കന്യകയെ!
വന്ദനംമാതാവെ— കുറമറവളെ!
കാരുണ്യത്തിൻ രാജ്ഞിയെ!
സപ്തസ്ഥിരാജ്ഞി, താരമകുടം!
ചൂടിടുന്നുണ്ണുന്നാവിമലസ്വാമിനിയായ്
വാനവർക്കുമെസദാ!
പാവനയായ് ഭൂഷിതയായ്.
സപ്തസ്വർണ്ണമയമായുള്ളവസ്ത്രശോഭയും...
രാജനേറവലത്തു നീ.

കാരുണ്യമാതാവെ സ്വസ്തീ!
ചേതംഭവിച്ചവക്കേകുറമുഖമെ!
അംബുധിയിൽതാരമെ!
സ്വർഗ്ഗത്തിൻെറവാതിൽനിയെ!
സ്വർഗ്ഗരാജാവിനെകണ്ടുപരഭവനം;
ചേരുവാൻകൃപാവരം.

"കനിവുള്ള കന്യകയെ!"

(നന്മനിറഞ്ഞോരമ്മെ– എ. മ.)

കനിവുള്ളകന്യകയെ–സ്തുതിയുടെസംഗീതങ്ങൾ.
അങ്ങെതുപ്പാദത്തുങ്കൽ– ഞങ്ങൾസമർപ്പിക്കുന്നു.

ഇപ്പുരദേശയാത്ര- ഭാഗ്യമുള്ളവരായി,
ഞങ്ങൾനയിച്ചിടുവാൻ- അമ്മെസഹായിക്കുക.

മാധുര്യമുള്ളനാഥ– അന്ത്യവേളയിലങ്ങെ,
കാരുണ്യമുണ്ടാകുവാൻ– പ്രാർത്ഥിച്ചിടുന്നുഅമ്മേൻ.

വി. ഗീതജപമാല

(ഈശോയെ സ്നേഹനിധെ– എ. മ.)

അളവില്ലാത്തസകലനന്മ– സ്നേഹരൂപനായവനെ!
സർവ്വേശപരാകത്താവെയീ– നീചമർത്യർനന്ദിഹീനർ.

പാപികളാമടിയങ്ങൾ– മഹനിയമാം തവസാന്നിദ്ധ്യേ.
പ്രാർത്ഥിക്കുവാൻയോഗ്യരല്ല– എങ്കിലുംനിൻകാരുണ്യത്തിൽ
ആശ്രയിച്ചുശ്ലൂഹദേവ- മാതാവിൻെറസ്തുതിക്കായിട്ട.
അൻപുള്ളമുന്നമണിയെ- പ്രാർത്ഥിക്കുവാനാശിച്ചോറാം.

ഈജപത്തെഭക്തിപൂർവ്വം- അനുചിന്തയെന്യെചെയ്യാൻ
കർത്താവെ അങ്ങെസഹായം- സാദ്ധ്യമായിപ്രാർത്ഥിക്കുന്നു.

വിശ്വാസപ്രമാണം...

ശേഷംവും.

സന്തോഷമായദിവ്യരഹസ്യങ്ങൾ.

(ദൈവത്തിന്റെ ഏകപുത്രൻ—എ. മ.)

ധ്യാനിക്കുന്നാംരഹസ്യം- ഗബ്രിയേൽസ്സന്ദേശം
മാനുഷാവതാരമോതി- മേരിയ്ക്കുദൈവാജ്ഞയാൽ.

2. ധ്യാനിക്കുരണ്ടാം രഹസ്യം - മേരിയിൽസന്ദർശനം.
ഗർഭിണിയാമേലീശ്വായെ - ശുശ്രൂഷിക്കുവാൻ.

3. ധ്യാനിക്കുമൂന്നാംരഹസ്യം-ബത്ലേഹംഗോശാലയിൽ
പാതിരാപ്പുല്ലിൽജാതനായി— ദൈവപുത്രൻമർത്യനായ്.

4. ധ്യാനിക്കുനാലാംരഹസ്യം - ഓർശ്ലേംദേവാലയെ!
നിത്യതാതനുപ്രീതനായ്-ഈശോശിമോൻകൈകളാൽ.

5. ധ്യാനിക്കുഅഞ്ചാംരഹസ്യം— ഏഴുവെദേവാലയെ!
വേദശാസ്ത്രികൾനടുവിൽ— ദ്വാദശവയസ്സതിൽ.

ദുഃഖമായ ദിവ്യരഹസ്യങ്ങൾ.

(മത്താണ്ഡ— എ. മ.)

പ. ധ്യാനിക്കുഒന്നാമതായ്— ദുഃഖരഹസ്യം!
മാനസ്സെതാപത്തോടെ!!
പൂങ്കാവനത്തിലീശോ— പ്രാർത്ഥിക്കുന്നസമയം.
തങ്കമേനിവിയർത്തു— രക്തകണങ്ങൾപോലെ.
ധ്യാനിക്കു ഒന്നാമതായ്...

2. ധ്യാനിക്കുരണ്ടാമതായ്— ദുഃഖരഹസ്യം— മാനസ്സെ...
പീലാത്തോസിൻമുറ്റിൽ—കൽത്തൂണിൽബന്ധിതരായ്
ഈശോയെയടിച്ചവർ— ചമ്മട്ടികളാലേറാം.
ധ്യാനിക്കു രണ്ടാമതായ് ...

3. ധ്യാനിക്കുമൂന്നാമതായ്— ദുഃഖരഹസ്യം— മാനസ്സെ...
ഈശോയെമുൾകിരീടം— ചൂടിനിന്നിച്ചയ്യുദർ.
ക്ലേശസാഗരത്തിൽതാൻ— കഷ്ടപ്പെട്ടധികമായ്.
ധ്യാനിക്കു മൂന്നാമതായ് ...

4. ധ്യാനിക്കനാലാമതായ്– ദുഃഖരഹസ്യം– മാനസ്സെ...
ഈശോക്രൂശുവഹിച്ചു- ഗാഗുൽത്തായ്ക്കുനടന്നു.
ക്ലേശയാത്രയുടർന്നു– കാൽവരിമുകളേറി.
ധ്യാനിക്കനാലാമതായ് ദുഃഖരഹസ്യം...

5. ധ്യാനിക്കഅഞ്ചാമതായ്– ദുഃഖരഹസ്യം–മാനസ്സെ...
ദിവ്യപുത്രൻകുരിശിൻ – തുങ്ങിജീവൻവെടിഞ്ഞു.
ദൈവസ്നേഹത്തിൽനമ്മൾ– നിത്യംജീവിക്കുവാനായ്
ധ്യാനിക്ക അഞ്ചാമതായ്....

മഹിമയുടെ ദിവ്യരഹസ്യങ്ങൾ.

(ലോകൈകനാഥെമാതെ. എ. മ.)

ധ്യാനിക്കഒന്നാമതായ്- ദിവ്യമാം മഹിമരഹസ്യം
ദിവ്യസുതൻ പാട്ടപെട്ടമരിച്ചുവീണ്ടും
കത്താവുയത്തെന്നസത്യം നിരന്തം.
കനകമയംമരിയസുതൻ– വിനയമിയാസൂയ്ക്കുൻറെ
രശ്മിയെവെല്ലിട്ടുന്നനിരന്തം.

2. ധ്യാനിക്കരണ്ടാമതായ്– ദിവ്യമാംമഹിമരഹസ്യം.
ദിവ്യസുതൻനാല്പതാംനാളുസ്വർഗ്ഗാ—
രോഹണം– ചെയ്തമഹാരഹസ്യം നിരന്തം.
അനവരതംനിനവരണം – സ്വർലോകചിന്തയിൽ
സ്വർഗ്ഗപ്രവേശനത്തെനിരന്തം.

3. ധ്യാനിക്കമൂന്നാമതായ്- ദിവ്യമാംമഹിമരഹസ്യം.
സഹിയോൻറെ മാളികയിൽമാതാവും
ശിഷ്യന്മാരുംകൂടിധ്യാനിക്കുവെനിരന്തം.
സ്നേഹരൂഹായുടെ – ദാനങ്ങൾഞങ്ങൾക്കും
മാതാവെപ്രാർത്ഥിക്കണെ നിരന്തം.

4. ധ്യാനിക്കനാലാമതായ്– ദിവ്യമാംമഹിമരഹസ്യം
ഗുണമണിയാം മാതാവുസ്വർഗ്ഗസ്ഥയായ്
അനവരതം മാലാകാവൃന്ദങ്ങളാൽ നിരന്തം.
നൽമരണം നൽവഴിയിൽ – നൽകുന്നോരമ്മികെ!
ഞങ്ങൾക്കായ് പ്രാർത്ഥിക്കണെ നിരന്തം.

5. ധ്യാനിക്കുഅമ്മാമായ്-ദിവ്യമാംമഹിമരഹസ്യം
പരമസുതൻ ത്രിലോകരാജ്ഞിയായി
സ്ഥാപിച്ചുകന്യാസ്ത്രീമാതാവിനെ നിരന്തരം.
ഒരുശരണം – നിജശരണം,
മമശരണം മാതാവെ!
സ്വർലോകഭാഗ്യം ചേരാൻ നിരന്തരം.

അൻപത്തുമൂന്നുമണി കാഴ്ചവയ്പ്.

(അല്ലിയൻസും ഏ. മ.)

1. മുഖ്യഭൂനായശുദ്ധ – മിഖായേലൈദൈവദൂത–
ന്മാരാംശുദ്ധഗുരിയോലെ,– റപ്പായേലെ; ശ്ലീഹന്മാരാം
2. മാർ പത്രോസെ;മാർ പൗലോസെ; മാർ യോഹന്നാനെ
മഹാത്മാ–
മാർയെറുസേപ്പുപുണ്യവാള - ഞങ്ങളുടെതാതനായ
3. മാർ തോമ്മാശ്ലീഹായെ ഞങ്ങൾ - അൻപത്തുമൂന്നുമ
ണിയെ
നിങ്ങളുടെസൂതികളോടു- ഒന്നായിട്ടുചേർത്തുശുദ്ധ
4. ദേവമാതാവിൻെറപൂജ്യ – പാദതാരിൽകാണിക്കയായ്
കാഴ്ചവയ്പാൻനിങ്ങളോടു - പ്രാർത്ഥിക്കുന്നുസാദ്ധ്യമായി.

൨. ദൈവമാതാവിൻെറ ലുത്തിനിയ.

(ദിസ്സൊലെയൊൺ. ഏ. മ.)

കർത്താവെ,അനുഗ്രഹിക്കേണമെ!
മ്ശീഹായെഅനുഗ്രഹിക്കേണമെ!
കർത്താവെഅനുഗ്രഹിക്കേണമെ!
2. മ്ശീഹായെപ്രാർത്ഥനകേൾക്കണെ!
മ്ശീഹായെപ്രാർത്ഥനകൈക്കൊൾക.
മ്ശീഹായെഞങ്ങളെകേൾക്കണെ!
3. ആകാശങ്ങളിൽവാഴുംബാവായെ,
ഭൂലോകരക്ഷചെയ്യുപുത്രനെ!
രൂഹാദക്കുദ് ശാത്മാവാനെ!

4. ഏകസ്വരൂപിയായിവാഴുന്ന
പരിശുദ്ധത്രീത്വമെനിത്യവും
അനുഗ്രഹിക്കണമെഞ്ങ്ങളെ.

5. പരിശുദ്ധമറിയെ,മാതാവെ!
ദൈവത്തിൻെറപുണ്യജനനിയെ!
പ്രാർത്ഥിക്കേണമെ!ഞങ്ങൾക്കായമ്മെ! *

6. കന്യകകളിലേറ്റംകന്യകെ!
മ്ശീഹായുടെമാതാവെയങ്ങു- പ്രാർത്ഥിക്ക. . .

7. ദൈവപ്രസാദത്തിൻെറമാതാവെ,
അത്യന്തവിരക്തയാംമാതാവെ, *

8. ഇഷ്ടലഭകന്യയാംമാതാവെ,
കന്യാവ്രതയാംശുദ്ധമാതാവെ, *

9. സ്നേഹഗുണാർത്ഥമുള്ളമാതാവെ,
അത്ഭുതവിഷയ്മാതാവെ, *

10. സൽഗുണത്തിൻെറനല്ലമാതാവെ,
സൃഷ്ടിതാവിൻെറസ്നേഹമാതാവെ, *

11. രക്ഷിതാവിൻെറശുദ്ധമാതാവെ,
വിവേകാശ്വയ്മുള്ളകന്യകെ! *

12. പ്രകാശസ്തുതിയുള്ളകന്യകെ!
സ്തുതിപ്രാപ്തികൈശ്വയ്മാംകന്യെ! *

13. വല്ലഭമുള്ളശുദ്ധകന്യകെ!
കനിവുള്ളവളായകന്യകെ! *

14. വിശ്വസ്തവതിയായകന്യകെ!
നെറിവിൻെറനൽദർപ്പണമെനീ *

15. ബോധജ്ഞാനത്തിൽസിംഹാസനമെ!
ഞങ്ങളുടെതെളിവിൻകാരണമെ! *

16. ആത്മജ്ഞാനപൂരിതപാത്രമെ!
ബഹുമാനത്തിൻെറയുംപാത്രമെ! *

17. അത്ഭുതമാംഭക്തിക്കപാത്രമെ!
ദൈവരഹസ്യപൂർണ്ണറോസാപ്പൂ! *

18. ദാവീദിന്റെകോട്ടയെ,മാതാവെ!
നിർമ്മലദന്തശുദ്ധകോട്ടയെ! പ്രാർത്ഥിക്ക.

19. സ്വർഗ്ഗീയമെപൂജ്യഗേഹമെ!
വാശ്വാനത്തിന്റെപെട്ടകമെനീ. *

20. ആകാശമോക്ഷത്തിന്റെവാതിലെ!
ഉഷ:കാലത്തിലെനക്ഷത്രമെ! *

21. രോഗികളുടെസ്വസ്ഥാനവുമെ!
ദോഷക്കാരുടെസങ്കേതവുമെ! *

22. വ്യാകുലന്മാരുടെആശ്വാസമെ!
ക്രിസ്ത്യാനികളുടെസഹായമെ!

23. മാലാകാമാരുടേയും രാജ്ഞിയെ!
ബാവാന്മാരുടെയെല്ലാംരാജ്ഞിയെ! പ്രാർത്ഥിക്ക.

24. ദീക്ഷദശികളുടെരാജ്ഞിയെ!
ശ്ലീഹന്മാരുടെനല്ലരാജ്ഞിയെ! *

25. വേദസാക്ഷികളുടെരാജ്ഞിയെ!
വന്ദകന്മാരുടെയുംരാജ്ഞിയെ *

26. കന്യാസ്ത്രികളുടെയുംരാജ്ഞിയെ,
സകലവിശുദ്ധന്മാക്കുംരാജ്ഞി, *

27. അമലോത്ഭവയായരാജ്ഞിയെ,
ശുദ്ധജപമാലയിൻരാജ്ഞിയെ! *

28. സമാധാനത്തിന്റെനൽരാജ്ഞിയെ!
കന്മലസഭയുടെരാജ്ഞിയെ! *

29. ഭ്രഷ്ടലോകപാപങ്ങളെറിക്കുന്ന
ദൈവത്തിൻകുഞ്ഞാടായയീശോയെ
കർത്താവെപാപങ്ങളെമോചിക്ക!

30. ഭ്രഷ്ടലോക ... . ശേഷവും...
കർത്താവെ,പ്രർത്ഥനയെകേൾക്കണേ!

31. ഭ്രഷ്ടലോക. . . ... ശേഷവും. . .
കർത്താവെ, കാരുണ്യം നീ ഞങ്ങളിൽ.

ST. ANTONY'S CARMELITE MONASTERY
RAILWAY STATION, ALWAYE, TA
ST. ALWAYE

വ്യാകുലമാതാവെൻആശ്രയമെ!

(മാന്തുഷൻപുത്രൻ എ. മ.)

വ്യാകുലമാതാവെൻആശ്രയമെ!
സ്ലീവായിൽതൂങ്ങിയപുത്രനെനി- ഹാ!
ആകുലത്തോടെ ദർശിച്ചതോർത്തു
പാപിയെവീക്ഷിച്ചുരക്ഷിക്കണെ.

ആത്മാവിൽവ്യാകുലവാൾകടന്ന,
വ്യാകുലരാജ്ഞിക്കുസ്വസ്ഥിനിത്യം- ഹാ!
ആത്മനാഞാനുംനിന്നോടുചേർന്ന,
ഖേദിക്കുന്നെൻറെ പാപങ്ങളോർത്തു.

ഈശോയെക്രൂശിൽഞാൻ ദർശിച്ചെന്നും;
സ്നേഹപാശത്താൽ ബന്ധിച്ചിടുവാൻ- ഹാ!
ക്ലേശംസഹിച്ചോരെൻ അമ്പികയെ,
സാക്ഷാൽമനസ്സാപം നൽകണമെ!

ദാഹംസഹിച്ചയീശോസ്തുതിരു
അശ്രുക്കളാറുപോൽ ചിന്തിയനി:- ഹാ!
സ്നേഹാശ്രുതാപത്താൽ ചിന്തിടുവാൻ,
ഇഷ്ടപ്രസാദംവർഷിക്കയമ്മെ!

കാഴ്ചവച്ചിടുന്നെന്നെമുഴുവൻ,
സ്ലീവാച്ചുവട്ടിലങ്ങെപകൽഞാൻ- ഹാ!
ക്രൂശിക്കപ്പെട്ടയീശോയിക്കമ്മെ!
പൂർണ്ണമായെന്നെയർപ്പിക്കണമെ!

൯. കർത്താവിൻെറ പീഡാനുഭവ ഘടികാരകീർത്തനം.

(ലല്ലല്ലെലാലെ എ. മ.)

പല്ലവി.

കർത്താവെ എന്നിൽനിജ-
പീഡകൾ ചേർക്കണെ!

1.

P.M. സ്നേഹമാതാവോടായീശോ
VI. യാത്രയുംചൊല്ലിപരിഞ്ഞു.
ക്രൂശുമെഴുംശിഷ്യരോടന്ത്യ—
ത്താഴവുംകഴിച്ചുപാരിൽ. . കൺതാവെ .

2.

VII. ദ്വാദശശിഷ്യഗണത്തിൽ
പാദവുംകഴുകിയേശു
സ്നേഹക്രൂശായെനിത്യ—
സ്മാരകമായുംസ്ഥാപിച്ചു. ,

3.

VIII. സ്വന്തശിഷ്യരോടൊത്തുള്ള
അന്ത്യഭക്ഷണത്തിനുശേഷം
തൻതിരുഭാഷണശേഷം
ആഗമിച്ചൊലിവുഗിരി.

4.

IX. പ്രാർത്ഥനക്കായ് ഈശോനാഥൻ,
പോയിഗദ്സേമനിതോട്ടേ!
അർത്ഥനകൾചെയ്തന്തം
ദുഃഖപൂരിതനായിട്ട

5.

X. പത്തുമണിസമയത്തി-
ലുത്തമനാമേശുനാഥൻ,
പ്രാണവേദനയാലേറെ—
മാകുലപ്പെടാൻതുടങ്ങി—

6.

XI. വാനരാജനീശോദുഃഖ-
വാരിധിയിലുഴലുമ്പോൾ
വാനവർതനരികത്തു
വന്നിട്ടന്നാശ്വസിപ്പിക്കാൻ.

7.

XII. പാതിരാവിലയ്യൊയ്യുദാ–
പ്രാണനാഥനാമേശുവെ,
യൂദവൈരികൾക്കായൊറ്റി
ചങ്ങലകളാൽബന്ധിച്ചു. കണ്ടാവെ...

A.M.

8.

I. മന്നവനാമേശുവെയാ–
നിന്ദഭാവത്തോടെതന്നെ
അന്നാൻപക്കൽമഹാജരാക്കാൻ
ഒന്നുപോലുത്തരംചൊയ്തില്ലെ. "

9.

II. ഏറുകുന്നത്തടിയീശോ,
കുറ്റരഹിതനായിട്ട.
ഏറ്റവുംകുറ്റവാളിയായ്
തെറ്റിധരിച്ചെകയ്യാപ്പാ. "

10.

III. ദുഷ്ടണംകൊരാഗൃഹത്തിൽ,
കൈകണക്കില്ലാതേറീശോ.
അയ്യയ്യൊപത്രോസുംകൂടി
പൊയ്യല്ലെതന്നെ ത്യജിച്ചു. "

11.

IV. നീതിസൂര്യനാമേശുവെ,
യൂദന്യായാധിപസംഘം.
മൃത്യുവിന്നുയോഗ്യനായി
വിധിച്ചുനീചനീചമായ്. "

12.

V. പന്തിയോസ് പീലാത്തോസിന്റെ
സ്വന്തന്യായാസനത്തുങ്കൽ
എത്രകഷ്ടംനിൽക്കുന്നീശോ
ശാന്തനായ് കുറ്റവാളിയായ്. "

13.

VI. ഏശുവെ, ഹേറോദേശുതാൻ
ഭോഷനെപ്പോൽ വത്തിക്കയും
ഭ്രാന്തനായിഗണിപ്പാനായ്
നൽകിയെശുക്കുവസ്ത്രവും. കത്താ...

14.

VII. ആനയിച്ചീശോയെപീലാ–
ത്തോസിനുടെ പക്കലേക്കായ്
അയ്യയ്യോ ബറാബാസിനെ
സ്നേഹിക്കുന്നീശോയെക്കാളും. "

15.

VIII. ഘോരമായ് കൽത്തൂണിൽ തിരു–
മേനിയെവരിഞ്ഞുകെട്ടി.
ക്രൂരമായടിച്ചതിനാൽ
ഘോരനദിപോലൊഴുകി. "

16.

IX. ചേർത്തുതിരുശിരസ്സിന്മേൽ
മൂർച്ചയുള്ളമുൾമുടിയെ,
മൂർഖപാപികൾ പലരും
ആഴ്ത്തുനിന്നിച്ചയ്യോതന്നെ. "

17.

X. ഏകന്യായാധിപനായ
നാകലോകരാജാവിനെ
ക്രൂരയൂദന്മാർക്കേൽപ്പിച്ച
ദുഷ്ടപിലാത്തോസിൻ തീർപ്പാൽ. "

18.

XI. ഏശുവെ, വസ്ത്രംഉരിഞ്ഞു
ക്രൂരതയോടെ കുരിശിൽ
ആണികളാൽതറക്കുന്ന
താരിതെകണ്ടുസഹിക്കാ. "

19.

XII. പ്രാണശത്രുക്കൾക്കുവേണ്ടി,
പ്രാർത്ഥനചെയ്യുന്നയിശോ.
സ്വർഗ്ഗവും പറഞ്ഞൊക്കുന്ന
അർത്ഥിതനാം മോഷ്ടാവിന്ന് കർത്താ...

20.

I. സ്നേഹനിർഭരപിതാവിങ്കൽ
ദേഹിയെ ചേർത്തിശോനാഥൻ
മാതൃവെറുക്കിജനനിയായ്
യോഹന്നാൻ വത്സലനായിട്ടും ,,

21.

II. "നിത്യപിതാവും കൈവിട്ടോ"
എന്നുചൊല്ലിഈശോ അപ്പോൾ
ദാഹവും തനിക്കപാരം.
പൂർത്തിയായെന്നരുളി. ,,

22.

III. മൂന്നുമണിസമയത്തിൽ,
മൂവരിൽരണ്ടാംആൾപുത്രൻ.
ഏറ്റവും പ്രലാപത്തോടെ,
ലോകവാസവുംവെടിഞ്ഞു. ,,

23.

IV. മൂർച്ചയുള്ളകുന്തത്താലെ,
കർത്തിസേവകൻ തൻശങ്കിൽ.
അത്തലാന്മാതൃമടി-
ച്ചേർത്തുതിരുമേനിപിന്നെ. ,,

24.

V. അല്ലലോടത്തിരുപ്രേതം.
നല്ലമാതാവിങ്കൽനിന്നു
കല്ലറയിലടക്കിക്കൊ-
ണ്ടിണ്ടലോടെമണ്ടി ശിഷ്യർ. ,,
കർത്താവെ എന്നിൽ...